# ഷോർച്ച്യൂൺ വോയ്സ്

ശരീരത്തിലൂടെ ആത്മാവിലേയ്ക്ക്

MARCH 2017 VOL. 4 ISSUE. 1





- നിങ്ങളുടെ മുഖത്തുള്ള പുഞ്ചിരി കണ്ട് നിങ്ങളെ സമീപിക്കുന്ന വരുടെ മനസ്സിൽ സന്തോഷം ഉണ്ടാകണം.
- കുറച്ചു മാത്രം ആഗ്രഹിക്കുന്നവന് എപ്പോഴും ആവശ്യത്തിനുള്ളത് ഉണ്ടായിരിക്കും.
- സ്വയം പരിത്യജിക്കുവാൻ സാധിക്കാത്തവന് പ്രതികൂല സാഹചര്യങ്ങളിൽ സമചിത്തതയോടെ മുന്നേറാൻ സാധിക്കില്ല.


FORTUNE VOICE
Vol. 4, Issue. 1, March 2017



**Chief Editor**
Sr. Vimala George

**Associate Editor**
Sr. Reena Maria

**Editor**
Sr. Moncy Francis

**Editorial Board**
Sr. Litty Xavier | Sr. Shiny Anna James
Sr. Nirmala Kuriakose | Sr. Rosy Joseph
Sr. Cicy Manuel | Sr. Lilly Treesa
Sr. Alphy Sebastian | Sr. Remya Mathew



**Printed at**
Sterling Print House (P) Ltd,
Door No: 49/1849, Ponekkara P.O.,
Cochin-682 041

Subscription rates : Single copy- 15/- | Annual- 60/-


## ഉള്ളടക്കം


എഡിറ്റോറിയൽ 3

കുടുംബം വിശുദ്ധിയുടെ ശ്രീകോവിൽ
സി. മേഴ്സി തോമസ് SCJG 4

വീട്
റവ. ഫാ. സ്റ്റീഫൻ C.Ss.R 6

അപ്പൻ
വിനായക് നിർമ്മൽ 8

രാത്രി 10

പാരീസിലെ ബാറിയും കാൽവരിയിലെ ക്രൂശിതനും 10

അമ്മ
റവ. ഫാ. ജോസഫ് വെട്ടിക്കാട്ട് O.F.M. Cap. 11

കാവലൻ
സി, രമ്യാ മാത്യു SCJG 15

താഴ്‌വരയിൽ പെയ്ത മഞ്ഞ്
ബ്ര. ജേക്കബ്ബ് ജോർജ്ജ് OH 18

ആത്മജ
പ്രൊഫ. ആന്റണി വർഗ്ഗീസ് 20

കുടുംബജ്യോതിസ്
സി. സിസി മാനുവൽ SCJG 22

ക്വോവാദിസ്
റവ. ഫാ. ജേക്കബ്ബ് കോറോത്ത് 23

മാതാപിതാക്കളും മക്കളും – ആരോഗ്യകരവും ആഴവുമായ ബന്ധം
സി. പ്രീത C.S.N. 25

കാരുണ്യം തളിരിടുമ്പോൾ
ബ്ര. ആൽബർട്ട് തറപ്പേൽ C.Ss.R 27

വൃക്കരോഗങ്ങൾ
മിസ്സിസ് ഗ്രീക്കാമ്മ ലൂക്കോസ് 28

ഉപകാരസ്മരണ 30



## എഡിറ്റോറിയൽ

# പാത്രം

സുഖഭോഗാധികളിൽ മുങ്ങിക്കുളിക്കുന്ന ഈ അധുനിക യുഗത്തിൽ കുടുംബം തന്നെ വേണ്ട, കുട്ടികളും വേണ്ട. ഫ്രാൻസിൽ ഈയിടെ ഒരു നിയമം അംഗീകാരത്തിൽ വന്നു. പുരുഷൻ വേണമെന്നില്ല, വിവാഹം ആരുമായും നടത്താം. മാതാപിതാക്കൾ എന്നു വിളിക്കേണ്ട, മനുഷ്യസമൂഹം എന്നു പറഞ്ഞാൽ മതിയത്രേ. അങ്ങനെ പോകുന്നു കുടുംബബന്ധങ്ങൾ. ദൈവത്തെ മറന്നും ദൈവപദ്ധതികൾക്കെതിരെ ധിക്കാരം കാണിച്ചും മനുഷ്യർ വളരുകയാണ്. ദൈവത്തോടു നടത്തുന്ന ഈ പ്രതിരോധത്തിന്റെ ഫലം ഇന്ന് വിവാഹിതരാകുന്ന പലർക്കും കുട്ടികൾ ഉണ്ടാകുന്നില്ല എന്നതാണ്. മക്കളില്ലാത്തതിനാൽ ദുഃഖിതരായിരിക്കുന്ന ഒരു പാടു പേരെ കാണാൻ ഇടയായിട്ടുണ്ട്. ഓരോ കുഞ്ഞും ജനിക്കുന്ന അവസരത്തിൽ ദൈവം വീണ്ടും ഭൂമിയെ ചുംബിക്കുന്ന സമയമാണെന്ന് ധ്യാനഗുരു ഫാ. ബോബി ജോസ് പറഞ്ഞകാര്യം ഓർക്കുന്നു. ദൈവം മുകളിൽ നിന്ന് ഭൂമിയെ കടാക്ഷിക്കുന്നു. തുറന്നിരിക്കുന്ന പാത്രങ്ങളെ അവിടുന്ന് തിരയുന്നു,. വീണ്ടും തന്റെ സ്നേഹം ഒഴുക്കുവാൻ... വീണ്ടും നമ്മുടെ നാസാരന്ധ്രങ്ങളിൽ ചുംബിക്കുവാൻ... കഷ്ടം ഇന്നത്തെ ചെറുപ്പക്കാരികൾ തങ്ങളുടെ പാത്രം പ്രായമാകും മുമ്പേ അടച്ചുകളയുന്നു.

ദൈവം അബ്രാഹത്തോടു പറഞ്ഞു "ആകാശത്തേയ്ക്കു നോക്കുക, ആ കാണുന്ന നക്ഷത്രങ്ങളുടെ എണ്ണമെടുക്കാൻ കഴിയുമോ, നിന്റെ സന്താനപരമ്പരയും അതുപോലെയായിരിക്കും". അവൻ കർത്താവിൽ വിശ്വസിച്ചു. അത് അവന് നീതികാരണമായി ഭവിച്ചു (ഉത്. 15/6). ഈ കുടുംബ വർഷത്തിൽ ജീവൻെറ മൂല്യത്തെ ഉയർത്തിക്കാണിക്കുവാൻ പൂർവ്വപിതാവായ അബ്രാഹത്തെ സന്ദർശിച്ച അതേ ദൈവം ചിലരെ വീണ്ടുമിതാ സന്ദർശിക്കുന്നു. അവൻ ഹൃദയത്തിന്റെ വാതിലിൽ, ഗർഭപാത്രത്തിന്റെ വാതിലിൽ മുട്ടുന്നു. ആരെങ്കിലും സന്മനസ്സുള്ളവർ വാതിൽ തുറന്നു കൊടുത്താൽ അവൻ അകത്തു പ്രവേശിക്കുകയും അവരോടുകൂടെ വാസമുറപ്പിക്കുകയും ചെയ്യും. 75-ാം വയസ്സിലാണ് ദൈവം അബ്രാഹത്തെ വിളിക്കുന്നത്. തനിക്ക് ഒരു അവകാശിയില്ലല്ലോ എന്നു പറയുന്ന അബ്രാഹത്തിന് മക്കളെ നല്കുന്ന സൂചനകൾ ബൈബിളിൽ നമുക്ക് വായിച്ചെടുക്കാം. ക്ഷമയോടെ 25 വർഷം കൂടി കാത്തിരുന്ന വൃദ്ധനായ നൂറു വയസ്സുള്ള അബ്രാഹത്തിൽ നിന്നു തന്നെ സാറാ ഗർഭിണിയായി.

ഈ അടുത്ത നാളിൽ അവിടുത്തെ ശ്രദ്ധ തുറന്ന പാത്രങ്ങളുള്ള മധ്യവയസ്ക്കരെ തേടിയെത്തുന്നു. പറഞ്ഞു വരുന്നത് 43-ാം വയസ്സിൽ അമ്മയായ സെലിനെക്കുറിച്ചാണ്. മൂത്തമകൻ മെഡിസിനു പഠിക്കുന്നു, രണ്ടാമത്തെ മകൾ 10-ാം ക്ലാസ്സ്. ഓ.... ഇനി ഒരു കുഞ്ഞ് ഉണ്ടാകില്ല എന്നുതന്നെ അവൾ ഓർത്തിരുന്നപ്പോഴാണ് ദൈവം അവളെ സന്ദർശിച്ചത്. ഏതൊരു സ്ത്രീക്കും ഉണ്ടാകാനിടയുള്ള ഒരു ഞെട്ടലിലൂടെ അവളും കടന്നുപോയി. പരിശോധനയിൽ ചിലപ്പോൾ അംഗവൈകല്യം ഉണ്ടാകാനിടയുള്ള സാധ്യതകളുണ്ടെന്നും വേണമെങ്കിൽ കുഞ്ഞിനെ കളയാമെന്നും ഡോക്ടർ നിർദ്ദേശിച്ചപ്പോൾ ദൈവത്തിൽ ഉറച്ചു വിശ്വസിക്കുന്ന ആ വീട്ടമ്മ പറഞ്ഞു, അംഗവൈകല്യം ഉണ്ടെങ്കിലും സാരമില്ല. എന്റെ ദൈവം നട്ടു... അവിടുന്നു തന്നെ വളർത്തുമെന്ന്. ഈ വീട്ടമ്മയെ എങ്ങനെയാണ് നമ്മൾ അഭിനന്ദിക്കാതിരിക്കുക?

അപ്പനും അമ്മയും നമ്മുടെ ജനനത്തിൽ ഒരു നിമിത്തങ്ങളെ ആകുന്നുള്ളൂ. "അവിടുന്നാണ് എന്റെ അന്തരംഗത്തിന് രൂപം നൽകിയത്. എന്റെ അമ്മയുടെ ഉദരത്തിൽ അവിടുന്ന് എന്നെ മെനഞ്ഞു. അവിടുന്ന് എന്നെ വിസ്മയകരമായി സൃഷ്ടിച്ചു. ഞാൻ നിഗൂഢതയിൽ ഉരുവാക്കപ്പെടുകയും ഭൂമിയുടെ അധോഭാഗങ്ങളിൽ (ഗർഭപാത്രത്തിൽ) വച്ച് സൂക്ഷ്മതയോടെ സൃഷ്ടിക്കപ്പെടുകയും ചെയ്തപ്പോൾ എന്റെ രൂപം അങ്ങേയ്ക്ക് അജ്ഞാതമായിരുന്നില്ല. എനിക്ക് രൂപം ലഭിക്കുന്നതിനു മുമ്പേ അവിടുത്തെ കണ്ണുകൾ എന്നെ കണ്ടു". (ps 139/13-16) ഈ സങ്കീർത്തന വചനങ്ങളായിരുന്നു അവളുടെ ധ്യാനവിഷയം.

പ്രിയപ്പെട്ട അമ്മമാരെ, ജീവിതത്തിന്റെ മദ്ധ്യാഹ്നത്തിലും സായാഹ്നത്തിലും ദൈവം നിങ്ങളെ തേടിവരുന്നു. കാത്തിരിക്കാൻ തയ്യാറാകുന്നവരെ സന്ദർശിക്കുന്ന സമയം വരുന്നു. പാത്രം അടച്ചുകളയരുതേ എന്ന പ്രാർത്ഥനയോടെ. ജീവൻെറ സമൃദ്ധിയ്ക്കായി നമുക്കൊരുമിക്കാം.



സ്നേഹപൂർവ്വം

**സി. വിമല ജി.**





# കുടുംബം
## വിശുദ്ധിയുടെ ശ്രീകോവിൽ

**സി.മേഴ്സി തോമസ് SCJG**
സുപ്പീരിയർ ജനറൽ

**വ**ചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു . ദൈവത്തിന്റെ മനുഷ്യാവതാരമെന്ന മഹാരഹസ്യം സംഭവിച്ചത് നസ്രത്തിലെ തിരുകുടുംബത്തിൽ. സഭയുടെ ആരംഭം മുതൽ ഇന്നുവരെയുള്ള പത്രോസിന്റെ സിംഹാസനം അലങ്കരിച്ച എല്ലാ മാർപ്പാപ്പമാരും കുടുംബത്തിന്റെ പ്രാധാന്യത്തെ പ്രത്യേകമായി ഉയർത്തിക്കാണിച്ചുകൊണ്ട് സഭാതനയർക്കായി പ്രബോധന രേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കുടുംബത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും മാതാപിതാക്കളും മക്കളും തമ്മിലുള്ള ഐക്യത്തെക്കുറിച്ചും ഈ പ്രബോധനരേഖകൾ വളരെ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്.

മക്കളും മാതാപിതാക്കളും ഒരുമിച്ചുതാമസിക്കുന്ന ഒരു സ്ഥലം എന്നതല്ല കുടുംബത്തെക്കുറിച്ചുള്ള യഥാർത്ഥവീക്ഷണം. ''ഉത്കൃഷ്ഠമായ മനുഷ്യത്വത്തിന്റെ വിദ്യാലയം'' എന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ വിശേഷിക്കുന്നത്. ''കൂട്ടായ്മയുടെ സാക്ഷാത്ക്കാരം''എന്നും''സമൂഹജീവിതത്തിന്റെ പ്രഥമകോശം'' എന്നൊക്കെയാണ് സഭാകുടുംബത്തെ വിശേഷിപ്പിക്കുന്നത്. (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, 2207). ഒരു വ്യക്തിയുടെ സുസ്ഥിതി അവൻ/അവൾ വളരുന്ന കുടുംബത്തെ ആശ്രയിച്ചിരിക്കും എന്നതുപോലെ ഒരു സമൂഹത്തിന്റെ നിലനില്പും സുസ്ഥിതിയും അത് ആയിരിക്കുന്ന കുടുംബങ്ങളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. മനുഷ്യവംശത്തിന്റെ ഭാവി കുടുംബങ്ങളിലൂടെയാണ് കടന്നുപോകുന്നതെന്ന് കുടുംബത്തിന്റെ മാഗ്നാകാർട്ട എന്നറിയപ്പെടുന്ന ''കുടുംബം ഒരു കൂട്ടായ്മ'' എന്ന അപ്പസ്തോലിക ലേഖനത്തിലൂടെ വി. ജോൺ പോൾ രണ്ടാമൻ പാപ്പ പഠിപ്പിക്കുന്നു.

2016 ആഗസ്റ്റ് 25-28 വരെ സീറോമലബാർ സഭയുടെ നാലാമത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി പറഞ്ഞു വച്ച മനോഹരമായൊരു ദർശനം ഇതാണ് - ''കുടുംബം സ്നേഹത്തിന്റെ ഭവനവും ജീവന്റെ തോട്ടവുമാണ്''. വൈദിക സമർപ്പിത ജീവിതം പോലെ തന്നെ മിശിഹായെ അനുകരിക്കാനുള്ള ഒരു വിളിയാണ് വിവാഹജീവിതവും. ഒരു മെഴുകുതിരിയിൽ നിന്നും ചെറുനാളങ്ങൾ ദീപം സ്വീകരിച്ച് വലിയ പ്രകാശ സഞ്ചയം രൂപം കൊള്ളുന്നതുപോലെ മാതാപിതാക്കളിൽ നിന്നും വിശ്വാ

സദീപവും മൂല്യബോധവും സ്വീകരിക്കുന്ന പുതുതലമുറ ലോകത്തിന്, സമൂഹത്തിന് ദിശാ ബോധം നൽകുന്നവരായിരിക്കും. ആയതിനാൽ കുടുംബത്തെ മുൻനിർത്തിയുള്ള അജപാലനശൈലിയാണ് സഭയും നിർദ്ദേശിക്കുന്നത്.

വിശ്വാസത്തിന്റെ പിള്ളത്തൊട്ടിലായ കുടുംബങ്ങളിലാണ് വിശ്വാസജീവിത പരിശീലനവും ആരംഭിക്കേണ്ടത്. 'വിവാഹം ഒരു സുവിശേഷമെന്നാണ്' കുടുംബ പ്രേഷിത ഡയറക്ടറായി സേവനമനുഷ്ഠിക്കുന്ന അഗസ്റ്റ്യൻ കല്ലേലി സമർത്ഥിക്കുന്നത്. അനുദിനം നടത്തുന്ന ഭാര്യാഭർതൃ സമ്പർക്കങ്ങൾ വചനപ്രഘോഷണങ്ങളാണ്. സൗമ്യമായ സംസാരം, ദീർഘമായ ക്ഷമ, സ്നേഹത്തിൽ നിന്ന് ഉയിർ ക്കൊള്ളുന്ന ആനന്ദം, ത്യാഗമനോഭാവം, വിശ്വസ്തത, പരസ്പരവിധേയത്വവും ബഹുമാനവും തുടങ്ങിയവ കുടുംബത്തിലെ വചനപ്രഘോഷണങ്ങൾ തന്നെതാണ്. വിവാഹജീവിതത്തിൽ ഇത്തരം വചനപ്രഘോഷണങ്ങൾ നടക്കുമ്പോൾ വിശ്വാസം വളരും. സ്നേഹം ഫലമണിയും.

**"കുടുംബം സ്നേഹത്തിന്റെ ഭവനവും ജീവന്റെ തോട്ടവുമാണ്."**

ആധുനിക കുടുംബങ്ങൾ ഇന്ന് നേരിടുന്ന വെല്ലുവിളികൾ വളരെയേറെയുണ്ട്. മക്കളോടൊപ്പം പ്രാർത്ഥിക്കാത്ത മാതാപിതാക്കളുടേയും മാതാപിതാക്കളോടൊപ്പം പ്രാർത്ഥിക്കാത്ത മക്കളുടേയും എണ്ണം അപകടകരമാം വിധം ഏറിവരുന്നു എന്നത് ഒരു ദുഃഖസൂചനയാണ്. അണുകുടുംബം അന്യമാകുന്ന അംഗബലം, ക്രിസ്തീയമൂല്യങ്ങളിലുള്ള അപഭ്രംശം, ആശയവിനിമയക്കുറവ്, മദ്യപാനം മയക്കുമരുന്നുകളുടെ ഉപയോഗം, വൃദ്ധരായവരെ ബഹുമാനിക്കാനും ശുശ്രൂഷിക്കാനുമുള്ള വൈമുഖ്യം, സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ, നവീനമാധ്യമങ്ങളുടെ അമിതോപയോഗം, മിശ്രവിവാഹം, പ്രേമവിവാഹം, വിവാഹത്തിനുമുമ്പുള്ള ലൈംഗിക വേഴ്ച, അവിഹിതബന്ധം, വിവാഹജീവിതത്തിന്റെ പവിത്രതയിലുണ്ടാകുന്ന മുറിവുകൾ, മക്കളെ വിട്ടുപിരിഞ്ഞ് വിദേശ ജോലിക്കായി പോകുന്ന മാതാപിതാക്കൾ, ആഡംബരഭ്രമം എന്നിങ്ങനെ നീളുന്നു കുടുംബങ്ങൾ ഇന്നു നേരിടുന്ന മറ്റു വെല്ലുവിളികൾ.

സ്നേഹത്തിനും ജീവനുമെതിരെ സമൂഹത്തിൽ ഉയരുന്ന എല്ലാ വെല്ലുവിളികളെയും ജയിക്കാനുള്ള ശക്തി കുടുംബങ്ങൾക്കു ലഭിക്കണം. ദൈവാശ്രയബോധമുള്ളവരുടെ, പരസ്പര വിധേയത്വമുള്ളവരുടെ കൂടാരങ്ങളായി നമ്മുടെ കുടുംബങ്ങൾ രൂപാന്തരപ്പെടുമ്പോൾ അത് അതിമനോഹരമായിത്തീരും. ഈ കാലയളവിൽ ഫ്രാൻസിസ് മാർപ്പാപ്പ ഏറ്റവും കൂടുതൽ സംസാരിച്ചത് 'ചെറുസഭയായ' കുടുംബങ്ങളെക്കുറിച്ചായിരുന്നു. അതിനാൽ കുടുംബകേന്ദ്രീകൃതമായ അജപാലന ശൈലിക്ക് രൂപം കൊടുത്തു കൊണ്ട് ഓരോ കുടുംബത്തെയും തിരുകുടുംബമാക്കാം.



# വീട്

## നന്മകളുടേയും സുകൃതങ്ങളുടേയും ഇരിപ്പിടം






**റവ.ഫാ. സ്റ്റീഫൻ C.Ss.R**
**റെക്ടർ, സാന്തോം മൈനർ സെമിനാരി, പൊടിമറ്റം**


ഒരുവന്റെ ജീവിതത്തിലെ സ്വപ്നമാണ് ഒരു നല്ല വീട്. ദിവസത്തിന്റെ അവസാനം കയറി ച്ചെല്ലാനൊരിടം എന്നതിലുപരി ഒരുപാട് കാര്യങ്ങൾ വീടിനെക്കുറിച്ച് നാം സങ്കല്പിക്കുകയും മനസ്സിൽ താലോലിക്കുകയും ചെയ്യുന്നുണ്ട്. മറകളില്ലാതെ ഒരുവന് കരയാനും കലഹിക്കാനും സന്തോഷി ക്കാനും ഒരിടം. അത് വീട്ടിലല്ലാതെ മറ്റെവിടെയാണ് സാധ്യമാകുക. ഇരുട്ടിന്റെ മറവിൽ പൊട്ടിക്കരയുന്ന ഒരു പിതാവിനെ കഴിഞ്ഞ ദിവസം കാണാനിടയായി. മറകളില്ലാതെ ജീവിക്കേണ്ട വീട്ടിൽത്തന്നെ എത്ര മറകളിലാണ് ജീവിതത്തിന്റെ സ്വാഭാവികതയെ നാം തടസ്സപ്പെടുത്തുന്നത്. വീട്ടിൽ പോലും മുഖംമൂടി അണിഞ്ഞ് ജീവിക്കുന്നവരെ ഓർത്തുനോക്കൂ.

വീടിനെക്കുറിച്ച് ഒരുവൻ നെയ്യുന്ന സ്വപ്നങ്ങൾ പോലെ തന്നെ ഒരുവന്റെ എല്ലാ സ്വപ്നങ്ങളേയും തകർക്കുന്നതും വീടു തന്നെ. വീട്ടിൽ നിന്നുമേറ്റ മുറിവുകളുമായാണ് ഒരുവൻ ജീവിതം തുടങ്ങുന്നത്. പിന്നീടങ്ങോട്ട് ഈ ഉണങ്ങാത്ത മുറിവുമായാണ് യാത്ര തുടരുന്നത്. സ്നേഹത്തിന്റേയും സൗഖ്യത്തിന്റേയും സംരക്ഷണത്തിന്റേയും ഇടമാകേണ്ട വീടുകൾക്ക് എന്തു സംഭവിച്ചു?. മണൽപുറത്ത് വീടുപണിത ഭോഷനെപ്പോലെ തന്നെ നമ്മളും. പുറംമോടി കൊണ്ട് വീടിന് പിടിച്ചു നിൽക്കാനാവില്ല. വീഴ്ച ഉറപ്പാണ്. ഏറ്റവും ബലമെന്നു കരുതിയിരുന്ന വീടുകൾ പോലും ഇന്ന് തകരുന്നതും ദുർബലമായി ത്തീരുന്നതും അതുകൊണ്ടുതന്നെ. അടിത്തറയാകുന്ന ദൈവവും സനാതന മൂല്യങ്ങളും വീട്ടിൽനിന്നും നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നതാണ് ഇതിനു കാരണം. ഒരു പുനഃപ്രതിഷ്ഠയുടെ കേളികൊട്ട് എവിടെയോ കേൾക്കുന്നുണ്ട്.

വീട് നൽകുന്ന നൊമ്പരങ്ങളും ആകുലതകളുംപേറി സമാധാനമില്ലാതെ അലയുന്നവർ ഏറെയുണ്ട് ഈ ഭൂമിയിൽ. എല്ലാം ഉപേക്ഷിച്ച് വീടിനോട് അധികം മമത പുലർത്താതെ ജീവിക്കുന്നു എന്നു പറയുന്ന സന്ന്യാസികളെയും പുരോഹി തനെയും പോലും വീട് വല്ലാതെ അലട്ടുന്നുണ്ട്. വീട്ടിലെ വേദനകൾ, പ്രശ്നങ്ങൾ അവന്റെയും പ്രശ്നങ്ങളായി മാറുന്നു. അത് അവനെമാത്രമല്ല, അവനെ ചുറ്റിപ്പറ്റി നിൽക്കുന്ന സമൂഹത്തെയും ബാധിക്കുന്നു. വീട്ടിൽ നിന്നും പുറപ്പെടുന്ന തരംഗങ്ങൾ അത് പോസിറ്റീവായാലും നെഗറ്റീവ് ആയാലും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ അനേകരിൽ ഉളവാക്കുന്നുണ്ട് എന്ന വലിയ സത്യം നാം ഓർമ്മിക്കണം. ചിലപ്പോഴെങ്കിലും പറിച്ചെറിയാനാകാത്തവിധം വീട് ഹൃദയത്തിൽ ഇടം നേടിയിരിക്കുന്നു.

വീട് നന്മകളുടേയും സുകൃതങ്ങളുടേയും ഇരിപ്പിടമാണെന്നു ചൊല്ല്. അങ്ങനെ ആയിരുന്നു. എന്നാൽ ഇന്ന് അങ്ങനെ യാണോ? വീട്ടിൽ ഒരിക്കൽ പോലും സംഭവിക്കാൻ പാടില്ലാത്തത് പലതും ഇന്ന് അവിടെ സംഭവിക്കുന്നു. ലക്ഷങ്ങൾ മുടക്കി വീട് പണിയുന്നു. പൂജ ചെയ്ത് വിശുദ്ധീകരിക്കുന്നു. എന്നിട്ടും ലൈംഗികതയുടെ അതിപ്രസരമുള്ള ഷോകളും പരിപാടികളും വീട്ടിലിരുന്നു ആസ്വദിക്കുന്നു. സദാചാര വിരുദ്ധ



**മാതാപിതാക്കളും മക്കളും ഒരുമിച്ച് ജീവിക്കുന്ന ഇടമല്ല മറിച്ച് പരസ്പരം മനസ്സിലാക്കുന്ന ഇടമാണ് വീട്.**

പ്രവർത്തനങ്ങൾ വീട്ടിൽ അരങ്ങേറുന്നു. വീട്ടിൽ നിന്ന് വിശുദ്ധിയും വിശ്വാസവും ചോർന്നു പോകുന്നു. സുകൃതങ്ങൾ വിളങ്ങി നിൽക്കുന്ന വീട്ടി ലേയ്ക്കുള്ള മടക്കയാത്രയാണ് കാലഘട്ടത്തിന്റെ ആവശ്യം.

ഇന്ന് മിക്ക ആളുകളും വൈകിയാണ് വീട്ടിലെത്തുന്നത്. പണ്ട് അങ്ങിനെ ആയിരുന്നില്ല. സന്ധ്യയാകുമ്പോഴെ പ്രാർത്ഥനയ്ക്കായി വീട്ടിൽ എത്തിച്ചേരുമായിരുന്നു. അതിന് കാരണമുണ്ട്. കാത്തിരിക്കാനായി അനേകർ വീട്ടിലുണ്ടായിരുന്നു. കാത്തിരിക്കുന്നവരുടെ എണ്ണം ഇന്ന് കുറഞ്ഞിരിക്കുന്നു. സ്വാർത്ഥതയുടെ കൊച്ചു ലോകത്തിലേയ്ക്ക് എല്ലാവരും പിൻവലിയുന്നു ഇന്ന്. അവിടെ കാത്തിരിപ്പിന് ഇടമില്ല. നേരമില്ല.

വീടിന്റെ ഐശ്വര്യവും സമ്പത്തും മക്കളാണ്. ഈ അനുഗ്രഹം വേണ്ടെന്നുവച്ചിട്ടാണ് മറ്റ് പലതിന്റെയും പിന്നാലെ ഓടുന്നത്. കുട്ടികളെ സംബന്ധിച്ചിടത്തോളം സ്നേഹം എന്നു പറയുന്നത് സമയം തന്നെയാണ്. അതു കൊണ്ട് വീട്ടിലുള്ളവർ കുട്ടികളോടൊപ്പം കൂടുതൽ സമയം ചെലവഴിക്കണം. തിരക്ക് ഒരു ഫാഷനായി മാറിയിരിക്കുന്ന അവസരത്തിൽ മക്കളെ കേൾ ക്കാനും കൂടെ ചിരിക്കാനും സമയം കണ്ടെത്താതെ പോയാൽ അവർ നിങ്ങൾക്ക് നഷ്ടപ്പെടും. കൈ വിട്ടു പോകുന്ന മക്കളാണ് വീടിന്റെ ഏറ്റവും വലിയ നൊമ്പരവും. ഈ ഭൂമിയിൽ സ്വന്തം വീട്ടിൽ കേൾക്കാനാളില്ലാതെ വന്നാൽ പിന്നെ എങ്ങോട്ടാണ് മക്കൾ പോവുക?

സ്നേഹത്തിന്റേയും പങ്കുവയ്ക്കലിന്റേയും സംരക്ഷണത്തിന്റേയും അംഗീകാരത്തിന്റെയുമൊക്കെ വറ്റാത്ത ഉറവയായി എന്നാണ് നമ്മുടെ വീടുകൾ മാറുക? ഇന്ന് മനുഷ്യൻ ഒത്തു ചേരുന്നത് ഹോട്ടലുകളിലും പാർക്കുകളിലും ഹാളുകളിലുമാണ്. അത് മാറി ഒന്നിച്ചു ചേരലിന്റെ ഇടങ്ങളായി എന്ന് നമ്മുടെ വീടുകൾ മാറുമോ ആവോ? അങ്ങനെ ഒരു കാലത്തിനായി കാത്തിരിക്കാം. പ്രാർത്ഥിക്കാം. അന്ന് വീടുകൾ ഭൂമിയിലെ സ്വർഗ്ഗമായി തീരും.

മാതാപിതാക്കളും മക്കളും ഒരുമിച്ച് ജീവിക്കുന്ന ഇടമല്ല മറിച്ച് പരസ്പരം മനസ്സിലാക്കുന്ന ഇടമാണ് വീട്. എത്ര അകലെ ജീവിച്ചാലും വീടിനെ ഉപേക്ഷിച്ചു എന്നൊക്കെ പറഞ്ഞാലും ഹൃദയം ഇപ്പോഴും വീട്ടിൽ തന്നെ. വീട് എപ്പോഴും ഹൃദയത്തിന്റെ ഭാഗം തന്നെ. അങ്ങനെ ആയിരിക്കാൻ ദൈവം കൃപ തരട്ടെ.




**ഓരോ വീടും ഓരോ വിദ്യാലയമാണ് മാതാപിതാക്കൾ അധ്യാപകരും.**

**ഗാന്ധിജി**



# അപ്പൻ



വിനായക് നിർമ്മൽ

അമ്മയെന്ന പുഴയെ ധ്യാനിച്ച് ധ്യാനിച്ച് അപ്പനെന്ന കടലിലെത്താൻ വൈകിപോയ കൈത്തോടാകുന്നു ഞാൻ. അമ്മയുടെ സ്നേഹവും അമ്മയുമൊത്തുള്ള അനുഭവങ്ങളും വരികളിൽ പെയ്തുതോരാതെ നിന്നു.അപ്പനെക്കുറിച്ച് ഒറ്റവരിയിലെഴുതിയതെല്ലാം ഇരട്ടവാക്കുകളായി വ്യാഖ്യാനിക്കപ്പെട്ടു.

അമ്മയുടെ സ്നേഹത്തിന് പുഴയുടെ തണുപ്പും കുളിരുമായിരുന്നു. എപ്പോൾ വേണമെങ്കിലും ഇറങ്ങിച്ചെല്ലാനും കൈക്കുടന്നയിൽ കോരിക്കുടിക്കാനും കഴിയും വിധത്തിൽ അത് ആർദ്രമായിരുന്നു; പ്രാപ്യവും. പക്ഷേ അപ്പന്റെ സ്നേഹത്തിന് കടലിന്റെ തിരയിളക്കമായിരുന്നു; പ്രക്ഷുബ്ധവും.

തീരത്തുനിന്ന് നോക്കുന്ന ഒരാളെ അതെപ്പോഴും പരിഭ്രമിപ്പിക്കുന്നു. അതിന്റെ ആഴങ്ങളെക്കുറിച്ചോ പരപ്പിനെക്കുറിച്ചോ ചിന്തിച്ചിരുന്നുമില്ല. ഇതെഴുതുമ്പോഴും എനിക്ക് അതിനെതീരത്തുനിന്ന് അളക്കാനോ തിട്ടപ്പെടുത്താനോ കഴിയുന്നുവെന്ന് ഒരു ധാരണയുമില്ല.

അമ്മമാരുടെ ത്യാഗത്തെക്കുറിച്ചും സഹനത്തെക്കുറിച്ചും വ്യാകുലപ്പെടുന്ന നമ്മൾ എന്തുകൊണ്ടാണ് മക്കളുടെയും ഭാര്യയുടെയും എല്ലാവിധ കാര്യങ്ങളും തങ്ങളാലാവുന്നവിധം നോക്കി നടത്താൻ ബദ്ധപ്പെടുന്ന പാവം കുടുംബനാഥന്മാരെക്കുറിച്ച് ആഴപ്പെടാത്തത്? ക്രിസ്തുവിന്റെ ജനനം മുതൽ മരണം വരെ താങ്ങായും തണലായും നിന്ന മേരിയെ നമ്മൾ ഹൃദയപൂർവ്വം മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ ജോസഫിന്റെ സഹനയാനങ്ങളെ നമ്മൾ ആഴത്തിൽ എത്ര കണ്ട് മനസ്സിലാക്കിയിട്ടുണ്ട്?. എല്ലാ അമ്മമാരിലും മേരിയുണ്ടെന്ന പാഠമേ നമ്മൾ പഠിച്ചിട്ടുള്ളൂ. ഇനി മുതൽ നീതിനിഷ്ഠരും നിസ്സഹായരും ദുർബ്ബലരുമായ എല്ലാ കുടുംബനാഥന്മാരിലും ജോസഫുമുണ്ടെന്ന നവപാഠങ്ങൾ കൂടി നമ്മൾ പറഞ്ഞുകൊടുക്കണം.

തങ്ങൾക്ക് കിട്ടാതെ പോവുന്ന സുഖസൗകര്യങ്ങളോർത്ത് പഴി പറയാനാവും കുടുംബത്തിലെ മറ്റ് അംഗങ്ങളുടെ താത്പര്യം. കുറ്റപ്പെടുത്തിയിട്ടുണ്ട്, മനസ്സിലും അല്ലാതെയും ഞാനപ്പനെ ഒരുപാട്... ഇന്നെനിക്കറിയാം ഒരു കുടുംബം നടത്താനുള്ള ഒരാളുടെ പെടാപാട്. ഇത്രയും കാലത്തെ ജീവിതം കൊണ്ട് ഭൂമിയിലെ ഒരു ബാങ്കിലും അപ്പന് നിക്ഷേപങ്ങളുണ്ടായിട്ടില്ല. എന്നിട്ടും നിക്ഷേപിക്കാനുള്ള ചെറിയ പാഠം അബോധപൂർവ്വമായി എന്നെ പഠിപ്പിച്ചത് അപ്പനാണ്. കച്ചവടക്കാരനായ അപ്പന് അവധി ദിവസങ്ങളിൽ ഉച്ചയ്ക്ക് ചൂടുചോറുമായി പോകേണ്ട ജോലി എനിക്ക് വന്നുപെടാറുണ്ടായിരുന്നു... അത്തരം ദിവസങ്ങളിൽ മടങ്ങുമ്പോൾ പണപ്പെട്ടിയിൽ നിന്ന് പുതിയ ഒറ്റരൂപ നാണയം അപ്പനെനിക്ക് തരും; പോരുന്ന വഴിക്ക് തിന്നാനായി കപ്പലണ്ടി മിഠായിയും. ആ നാണയം പ്രിയപ്പെട്ടതായിരുന്നുവെങ്കിലും അത്തരം യാത്രകളെ ഞാൻ വെറുത്തിരുന്നു. കാരണം ഞാൻ വരുമ്പോൾ കട എന്നെയേല്പിച്ച് അപ്പൻ അത്യാവശ്യ കാര്യങ്ങൾക്കായി എങ്ങോട്ടെങ്കിലും പോകും. ആ നേരത്ത് കച്ചവടം വല്ലതും നടന്നാൽ കണക്കുകൂട്ടി പൈസ വാങ്ങാനോ സാധനം എടുത്തുകൊടുക്കാനോ എനിക്കറിയില്ല. അതുകൊണ്ടാണ് അത്തരം യാത്രകളെ ഞാൻ വെറുത്തതും അതിൽ നിന്ന് കഴിയുന്നതും ഒഴിഞ്ഞുമാറിയതും. ഈ നശിച്ച കട ഒന്നടച്ചു പൂട്ടിയിരുന്നെങ്കിലെന്ന് ഞാനന്നൊക്കെ ആഗ്രഹിച്ചിട്ടുണ്ട്. എന്റെ പ്രാർത്ഥനകൊണ്ടൊന്നുമായിരിക്കില്ല പിന്നെയും ഒരു

പാട് കാലം അപ്പന് കച്ചവടം നടത്താനായില്ല. വാടക പോലും കൃത്യമായി കൊടുത്തുവീട്ടാൻ കഴിയാതെ വന്നപ്പോൾ ഇനി ഒരത്ഭുതവും വഴിവക്കിൽ അപ്പനെ കാത്തുനില്ക്കുന്നില്ലെന്ന് അറിഞ്ഞപ്പോൾ അനിവാര്യമായ ഒരു ദുരന്തം പോലെ അപ്പന് കട ഒഴിഞ്ഞുകൊടുക്കേണ്ടി വന്നു.

അങ്ങനെ ഒരു തിരുവോണനാളിൽ ഒഴിഞ്ഞ മിഠായി ഭരണികളും കാലിയായ പണപ്പെട്ടിയും പിന്നെ ഒരു മുറുക്കാൻ കടയിലെ പരിമിതമായ സാധനസാമഗ്രികളുമായി അപ്പൻ വീട്ടിലേക്ക് വന്നപ്പോൾ വീടുകൾ പുകയാറുണ്ടെന്നും അതിന് ശ്വാസം മുട്ടാറുണ്ടെന്നും എനിക്കാദ്യമായി മനസ്സിലായി. ജീവിതത്തിലെ ഏറ്റവും സങ്കടകരമായ ഓണമായിരുന്നുവതെന്ന് ഞാനിന്നും ഓർക്കുന്നു. ജീവിതം തുടങ്ങിയ പഴയ പണിയിലേക്ക് അപ്പൻ ഗതികേടുകൊണ്ട് മടങ്ങുന്നത് ഒട്ടൊരു അപമാനത്തോടെയാണു ഞാൻ നോക്കി നിന്നത്. വെട്ടിയൊരുക്കിയ പ്രത്യേക ആകൃതിയുള്ള ബീഡിയിലകൾ പുരയിലെ മുറിയിൽ അപ്പനു ചുറ്റും, നിറക്കാനുള്ള ചുക്കായ്ക്കും ചുറ്റിവരിയാനുള്ള നൂലുണ്ടയ്ക്കുമായി കാത്തുകിടന്നു.അതാരെങ്കിലും അറിയുന്നത് വലിയ നാണക്കേടായി ഞങ്ങൾക്കെല്ലാവർക്കും തോന്നി. മുറ്റത്തു പതിയുന്ന കരിയിലയൊച്ചകൾ പോലും ഞങ്ങളെ പതിവില്ലാത്തവിധം ജാഗരൂകരാക്കി.കാഴ്ചയുടെ തെളിമയ്ക്കായി അപ്പൻ ബീഡിമുറവുമായി വരാന്തയിലേയ്ക്കെങ്ങാനും നീങ്ങുന്നതു കണ്ടാൽ ഞാൻ വിറളി പിടിയ്ക്കും... നാണക്കേട്... വിറയ്ക്കുന്ന കരങ്ങൾ കൊണ്ടും മൂടൽ വന്നു തുടങ്ങിയ കാഴ്ച കൊണ്ടും അപ്പൻ ബീഡി തെറുക്കുന്നതും അതു നൂറിന്റേയും അമ്പതിന്റേയും രണ്ടു തരം കെട്ടുകളായി വേർതിരിക്കുന്നതും പിന്നെ വൈകുന്നേരങ്ങളിൽ അതു പൊതിഞ്ഞുകെട്ടി വിൽക്കാനായി പോകുന്നതും കണ്ണീരിന്റെ തിളക്കത്തോടെ ഞാൻ ഇന്നും കാണുന്നു. മടങ്ങിവരുമ്പോൾ ഒരുനേരത്തെയെങ്കിലും വകയുണ്ടാവും അപ്പന്റെ കൈയ്യിൽ.

ജീവിതവും ഭാവിയും എന്നെ ഇത്രമേൽ അസ്വസ്ഥതപ്പെടുത്തിയ മറ്റൊരു കാലമില്ല. ബീഡിയിലകളുടെ നനവു ഗന്ധം ഇന്നും നാസാരന്ധ്രങ്ങളിൽ എന്നെ അസ്വസ്ഥതപ്പെടുത്തുന്നു. അങ്ങനെ എത്ര നാളുകൾ... പിന്നെ കാലത്തിന്റെ ആശ്വാസം പോലെ അപ്പന്റെ മടിയിൽ നിന്ന് ബീഡിമുറം എന്നേയ്ക്കുമായി താഴെയിറങ്ങി. അന്നത്തെ ചുറ്റുപാടിൽ അപ്പാ, ഞാൻ അപ്പനെ വെറുത്തിട്ടുണ്ടെന്ന് ഏറ്റു പറയുന്നു. ഏതു മകനും അവന്റെ ജീവിതത്തിലെ ചില പ്രത്യേകഘട്ടങ്ങളിൽ അച്ഛന് വെറുക്കപ്പെട്ടവനാകാറുണ്ടെന്ന ചില പാഠങ്ങൾ മാത്രമാണ് അതിൽ നിന്നെന്നെ കുറച്ചെങ്കിലും ആശ്വസിപ്പിക്കുന്നത്. അവന്റെ വെറുക്കലിന് അടിസ്ഥാനങ്ങളൊന്നും ഇല്ലായിരുന്നുവെന്ന് വളരെ വൈകിയായിരിക്കും തിരിച്ചറിവും ഉണ്ടാകുക. ഞാൻ ഇപ്പോൾ അത്തരമൊരു തിരിച്ചറിവിലാണ്. അപ്പനെന്നെ മനസ്സിലാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. കാരണം അപ്പനും ഈ പ്രായം കടന്നാണല്ലോ വന്നത്.

**മക്കൾ സ്നേഹിച്ചാലും സ്നേഹിച്ചില്ലെങ്കിലും പരാതി പറയുകയോ, ഒന്നും നൽകിയില്ലെങ്കിലും കൈനീട്ടുകയോ മക്കളോടുള്ള സ്നേഹത്തിന്റെ മേൽ അവകാശവാദങ്ങളോ വാദപ്രതിവാദങ്ങളോ ഉന്നയിക്കുകയോ ചെയ്യാതെ അപ്പൻ പുഴ പോലെ നിശബ്ദം ഒഴുകുന്നു.**

അപ്പനോട് എന്നാണ് എനിക്ക് ഏറ്റവും കൂടുതൽ ബഹുമാനം തോന്നിയത്? ചേട്ടൻ വിവാഹിതനായപ്പോൾ ആയിരുന്നു അതെന്ന് തോന്നുന്നു. അപ്പൻ അന്ന് അമ്മയോടു പറഞ്ഞത് ഇതാണ്, ‘ഇനിമുതൽ നമുക്ക് നാലല്ല, അഞ്ചാണു പെൺമക്കൾ...‘

അപ്പൻ സ്നേഹിച്ചിട്ടില്ല അപ്പന് സ്നേഹിക്കാനറിയില്ല എന്നൊക്കെയുള്ള മിഥ്യാധാരണകൾ, ചേട്ടന്റെ കുഞ്ഞുമക്കൾക്ക് സ്നേഹത്തിന്റെ ഉത്സവങ്ങളോടെ അപ്പൻ ആറാട്ടു നടത്തുന്നത് കാണുമ്പോൾ തകർന്നു വീഴുകയാണെന്നിൽ. രാത്രികാലങ്ങളിൽ ജോലിസ്ഥലത്തേയ്ക്ക് യാത്രതിരിക്കുമ്പോൾ വണ്ടി കയറ്റി വിടാനായി മഴയെന്നും മഞ്ഞെന്നും ഇരുട്ടെന്നും നോക്കാതെ കൂടെ വരുമ്പോൾ, മഴത്ത് കുടയെടുക്കാതെ പോയതറിഞ്ഞ് വെയിറ്റിംങ്ങ് ഷെഡിൽ കുടയുമായി കാത്തു നിൽക്കുമ്പോൾ, അപ്പന്റെ സ്നേഹത്തിന്റെ മഴക്കുളിര് ഞാൻ അറിയുന്നു. ആ കടലിൽ ഞാൻ സ്നാനപ്പെടുന്നു. മക്കൾ സ്നേഹിച്ചാലും സ്നേഹിച്ചില്ലെങ്കിലും പരാതി പറയുകയോ, ഒന്നും നൽകിയില്ലെങ്കിലും കൈനീട്ടുകയോ മക്കളോടുള്ള സ്നേഹത്തിന്റെ മേൽ അവകാശവാദങ്ങളോ വാദപ്രതിവാദങ്ങളോ ഉന്നയിക്കുകയോ ചെയ്യാതെ എന്റെ അപ്പൻ പുഴ പോലെ നിശബ്ദം ഒഴുകുന്നു.

അവധിക്ക് വീട്ടിലെത്തിയപ്പോൾ അപ്പൻ കളിയെന്നോണ്ണം എന്നോടു പറഞ്ഞു നിന്റെയത്ര പഠിപ്പുണ്ടായിരുന്നെങ്കിൽ നിന്നേക്കാൾ നന്നായി ഞാനെഴുതുമായിരുന്നു. കേട്ട മാത്രയിൽ ചിരിയാണ് തോന്നിയത്. പക്ഷേ പിന്നീട് എനിക്ക് മനസ്സിലായി സത്യം... അപ്പന്റെ ഭാവനയ്ക്കും സങ്കല്പങ്ങൾക്കും കഴിവുകൾക്കും പരിധി നിശ്ചയിക്കാനാവില്ല. അപ്പാ, അപ്പനെഴുതാതെ പോയതു ഞാൻ എഴുതുന്നുവെന്നേയുള്ളൂ. ഒടുവിൽ ഞാൻ എഴുതിയതും അപ്പൻ എഴുതാത്തതും ഒന്നാകും... എഴുതാതെ പോയ അപ്പന്റെ നിത്യ ഓർമ്മയ്ക്കായി എഴുതിപ്പോയ ഈ മകന്റെ കുറിപ്പുകൾ ഞാനിവിടെ രേഖപ്പെടുത്തട്ടെ...

ഒടുവിൽ ഹൃദയം തുറന്നു മറ്റൊന്നു കൂടി പറഞ്ഞു കൊള്ളട്ടെ... നന്ദിയുണ്ട്... അകാലത്തിൽ ജന്മം തന്നതിനും അതുകൊണ്ടുതന്നെ പിറക്കാൻ അനുവദിച്ചതിനും. എന്റെ ജന്മ നിയോഗം എന്തായിരുന്നുവെന്ന് എനിക്കിപ്പോൾ മനസ്സിലാകുന്നു. അത് അപ്പനെക്കുറിച്ച് ഇത്രയുമെങ്കിലും എഴുതുക എന്നതായിരുന്നു.

അപ്പന്മാരെ ജീവിതത്തിൽ ഒരിക്കലെങ്കിലും വെറുക്കുകയും സ്നേഹിക്കാൻ വൈകിപ്പോവുകയും ചെയ്ത എല്ലാ മക്കൾക്കു വേണ്ടിയും ഒത്തിരി സ്നേഹത്തോടെ...

## രാത്രി

**എ**ന്താണ് പാപിയുടെ രാത്രിയും (the night of the sinner) ദുഷിച്ചവന്റെ രാത്രിയും (the night of the corrupted) തമ്മിലുള്ള അന്തരം? എല്ലാവരും പാപത്തിന്റെ രാത്രിയിലൂടെ കടന്നു പോകുന്നു എങ്കിലും, എല്ലാവരേയും താലോലിച്ചു തഴുകാനുള്ള 'തലോടൽ' യേശുവിനുണ്ട്. എന്നാൽ യൂദാസിനെ വലയം ചെയ്യുന്ന രാത്രി അവന്റെ ഹൃദയം തട്ടിവീഴുന്ന രാത്രി തന്നെയാണ്, 'ദുഷിച്ചവന്റെ രാത്രി' ഏറ്റവും മോശമായ രാത്രി. തന്നെയാണത്. അതിൽ നിന്നും ഒരിക്കലും പുറത്തു വരാൻ പറ്റാത്ത വിധം, പുറത്തുവരാൻ ഇഷ്ടമില്ലാത്ത വിധം ഹൃദയം എന്നേയ്ക്കുമായി കൊട്ടിയടക്കപ്പെട്ട സുനിശ്ചിതമായ രാത്രി. പാപിയുടെ രാത്രി ഇതിൽ നിന്ന് അന്തരമുള്ളതാണ്. നാമെല്ലാരും തൽക്കാലത്തേയ്ക്ക് അനുഭവിക്കുന്ന രാത്രിയാണത്.

*കടപ്പാട് : മാർപ്പാപ്പായുടെ പ്രസംഗങ്ങൾ*

**നോമ്പുകാലചിന്തകൾ**

# പാരീസിലെ ബാറിയും കാൽവരിയിലെ ക്രൂശിതനും

**പാ**രീസിൽ സ്ഥാപിതമായിരിക്കുന്ന ബാറി സ്തൂപം ഒരു നായയുടെ നാമധേയത്തിലാണ്. ആൽപ്സ് മലയിടുക്കുകളിലൂടെ കടന്നു പോകുന്ന യാത്രക്കാർ പലപ്പോഴും ഹിമതാപമേറ്റു മരിക്കാറുണ്ട്. പ്രത്യേകിച്ച് ശീതകാലത്ത്. എന്താണിതിനു പോം വഴി. ഉത്തരവുമായി ആദ്യം എത്തിയത് വി. ബർണ്ണാഡിന്റെ മക്കളാണ്. പർവ്വതത്തിന്റെ പ്രാന്തപ്രദേശത്ത് അവർ ഒരു ആശ്രമം സ്ഥാപിച്ചു. പ്രത്യേക പരിശീലനം സിദ്ധിച്ച പട്ടികളെ വളർത്തിയെടുത്തു (St. Bernad Dogs) മഞ്ഞുവീഴ്ചയുണ്ടായാൽ ഉടൻ തന്നെ അവറ്റകൾ മലയിടുക്കുകളിലൂടെ പരതി മഞ്ഞിൽ പുതഞ്ഞു മൃതപ്രായരായ യാത്രക്കാരെ മണത്തറിഞ്ഞു മാന്തിയെടുത്തു പുറത്തുകൊണ്ടു വരും. കഴുത്തിൽ തൂക്കിയിട്ടിരിക്കുന്ന ചൂടുകാപ്പിയും ഭക്ഷണവും കൊടുക്കും ഒട്ടിനിന്നു ചൂടുപകരും. ശക്തമായി കുരച്ചു സന്ന്യാസികളെ വിളിച്ചു വരുത്തുകയും ചെയ്യും.

സന്ന്യാസികൾക്ക് ഏറ്റവും പ്രിയങ്കരനായ നായയായിരുന്നു ബാറി. ഇത്രയും സമർത്ഥനായ ഒരു പട്ടിയെ അവർക്ക് ഒരിക്കലും കിട്ടിയിട്ടില്ല. മറ്റാരും കണ്ടെത്താത്തവരെ അവൻ മണത്തറിയും മരണവക്ത്രത്തിൽ പെട്ട 22 യാത്രക്കാരെ അവൻ ഒറ്റയ്ക്ക് ജീവിതത്തിലേയ്ക്ക് മടക്കി കൊണ്ടുവന്നിട്ടുണ്ട്. ഒരിക്കൽ പൊടുന്നനവേ കനത്ത മഞ്ഞുവീഴ്ചയുണ്ടായി. സന്ന്യാസികൾ പട്ടികളുമായി ഓടിയെത്തി. ഒത്തിരി തിരഞ്ഞിട്ടും ഒന്നും കാണായ്കയാൽ അവർ തിരിച്ചു പോന്നു. കൂട്ടത്തിൽ പട്ടികളും. എങ്കിലും ഒരുത്തൻ മാത്രം മടങ്ങിയില്ല. – ബാറി. അവൻ പിന്നെയും പിന്നെയും പതിവുപോലെ മണം പിടിച്ചു നടന്നു. അങ്ങകലെ ഒരിടത്തു നിന്നും മനുഷ്യശരീരത്തിന്റെ അവ്യക്തമായ ഗന്ധം. അവൻ മാന്തിമാന്തിച്ചെന്ന് തണുത്തു വിറച്ചു സുബോധം നഷ്ടപ്പെട്ടു കിടന്ന ഒരു യാത്രക്കാരനെകടിച്ചുവലിച്ചു പുറത്തു കൊണ്ടു വന്നു. പറ്റിച്ചേർന്നു നിന്ന് ചൂടുപകർന്നു. പക്ഷേ ബോധം തിരിച്ചു കിട്ടിയ യാത്രക്കാരൻ അരയിൽ നിന്നും കത്തിവലിച്ചൂരി ബാറിയുടെ നെഞ്ചിലേയ്ക്കു കുത്തിയിറക്കുകയാണു ചെയ്തത്. ആ സമയത്തും അവന്റെ ശ്രദ്ധ തന്നെ ഭരമേല്പിച്ച ദൗത്യത്തിലായിരുന്നു. – യാത്രക്കാരന്റെ രക്ഷ. മാറി നിന്ന് അവൻ ഉറക്കെ നിലവിളിച്ചു. അതുകേട്ട് സന്ന്യാസികൾ ഞെട്ടി. അതു ബാറിയുടെ കരച്ചിലാണ്.

സന്ന്യാസികൾ ഓടിയെത്തി അലച്ചലച്ചു മരിക്കുന്ന ബാറിയും ജീവിച്ചു തുടങ്ങുന്ന യാത്രക്കാരനും. അപ്പോഴും ബാറിയുടെ കഴുത്തിൽ ജീവന്റെ പാനീയവും ഭക്ഷണവും യാത്രക്കാരനുവേണ്ടി തൂങ്ങിക്കിടന്നിരുന്നു. ജീവിതയാത്രയിൽ വഴിപിഴച്ചുപോകുന്നവർക്ക് ജീവൻ സമൃദ്ധമായി ഉണ്ടാകുവാൻ ജീവന്റെ പാനീയമായി വന്നവൻ രക്ഷകൻ. അവനെതിരിച്ചറിഞ്ഞില്ല നെഞ്ചിലേയ്ക്കു വീണ്ടും വീണ്ടും കുന്തം കുത്തിയിറക്കി, അവിടുന്നു അവസാനതുള്ളി രക്തവും ചിന്തി. കാൽവരിയിലെ മരക്കുരിശ് ദൈവസ്നേഹത്തിന്റെ ദൂരദർശിനിയാണ്. – The telescope of the divine love. പാരീസിലെ ബാറി സ്തൂപം പോലെ രക്ഷയുടെ മുറിപാടുകളുമായി ഓരോ ക്രൂശിതരൂപവും ഉയർന്നു നിൽക്കും കാലത്തിന്റെ അവസാനം വരെ.

അപരനായി കത്തിയെരിയുന്ന ജീവിതങ്ങളിലെല്ലാം സൂര്യസമാനമായൊരു സുകൃതമെന്ന് കവിത

കടപ്പാട് : ജീവിതചിന്തകൾ അഞ്ചാം വാല്യം





റവ.ഫാ.ജോസഫ്
വെട്ടിക്കാട്ട് O.F.M. Cap

# അമ്മ

*അമ്മയെന്നുള്ളോരു രണ്ടക്ഷരത്തിന്*
*അമ്മിഞ്ഞപ്പാലിൻ സുഗന്ധം,*
*അമ്മതൻമാറിൽ ചാഞ്ഞുറങ്ങുമ്പോൾ*
*അചഞ്ചലസ്നേഹത്തിൻ ചൂടും.*

കേൾക്കുമ്പോൾതന്നെ നെഞ്ചകത്തു പൂത്തിരികത്തുന്ന കവിവാക്യം. മുത്തംതന്നും താരാട്ടുപാടിയും, കുളിപ്പിച്ചും ഉടുപ്പിച്ചുമൊക്കെ അമ്മനടത്തിയ കാലം ഓർക്കാത്തവരാരാണുള്ളത്? ഉരുണ്ടുവീഴുമ്പോൾ പൊക്കിയെടുത്തു കുടഞ്ഞും, മുട്ടുരഞ്ഞെങ്കിൽ ആ മുറിവിൽ ആഞ്ഞൂതിക്കൊണ്ട് ആകാശത്ത് അമ്പിളിയമ്മാവനെകാട്ടിയും, മുറ്റത്തപ്പിയിടുമ്പോൾ കോരിക്കളഞ്ഞും, പറക്കുന്ന തുമ്പിയെപ്പിടിക്കാനൊപ്പമോടിയും, കുത്തനരിച്ചോറു വാരിത്തന്നും, പുത്തനുടുപ്പുകൾ തുന്നിത്തന്നും, കുരിശുവരപ്പിച്ചും കാറ്റുപോലെ കൂടെയുണ്ടായിരുന്ന അമ്മ. മുടിയീരിത്തന്ന്, പൊതിച്ചോറും പുസ്തകവുമായി സ്കൂളിലേയ്ക്കയച്ചിട്ട് വഴിക്കണ്ണുമായി കാത്തുനിന്നുരുന്ന അമ്മ. കൂട്ടാനും കുറയ്ക്കാനും കൂട്ടിവായിക്കാനും പഠിപ്പിച്ച അമ്മ. പ്ലാവിലത്തൊപ്പിയുണ്ടാക്കി തലയിൽവച്ചുതന്ന് കള്ളനും പോലീസും കളിപ്പിച്ച അമ്മ. പഞ്ചതന്ത്രകഥകൾ പറഞ്ഞുതന്നും, കാക്കേകാക്കേ കൂടെവിടെയെന്നു പാടാനും പഠിപ്പിച്ച അമ്മ. വയറ്റിലസുഖത്തിന് ഇഞ്ചിനീരുംതേനും നാവിലേയ്ക്ക് ഇറ്റിച്ച, പനിവന്നപ്പോൾ നാട്ടുവൈദ്യന്റെ അഷ്ടചൂർണ്ണം ചാലിച്ചു നെറ്റിയിൽ ചാർത്തിത്തന്ന അമ്മ. ജന്മംകൊണ്ടു ധന്യയായ, കർമ്മംകൊണ്ടു വന്ദ്യയായ, ഈശ്വരസ്നേഹത്തിൻ രൂപമായ, ഈശ്വരൻതന്ന ദാനമായ അമ്മ.

അമ്മ: നിസ്വാർത്ഥതയുടെ, പരിശുദ്ധ സ്നേഹത്തിന്റെ, പവിത്രവികാരങ്ങളുടെ കലവറയാണ് അമ്മ. അപൂർവ്വമായെങ്കിലും ശാപമായിത്തീരുന്ന അമ്മമാരുണ്ടെങ്കിലും സമാനതകളില്ലാത്ത ഉദാത്തഭാവങ്ങളുടെ സമാഹാരമാണ് അമ്മ. ആ ഭാവങ്ങളെപ്പറ്റി ആലങ്കാരികമായി ഭാരതീയ കാഴ്ചപ്പാടിൽ വർണ്ണിക്കുന്നതു നോക്കുക: ചന്ദ്രന്റെ കുളിർമ്മയും, പുല്ലിന്റെ പുളകവും, സൂര്യന്റെ തിളക്കവും, മേഘത്തിന്റെ കണ്ണീരും, കാറ്റിന്റെ ചഞ്ചലതയും, മുയലിന്റെ പേടിയും, മയിലിന്റെ അഹങ്കാരവും, വജ്രത്തിന്റെ കാഠിന്യവും, തേനിന്റെ മാധുര്യവും, പുലിയുടെ ശൗര്യവും, അഗ്നിയുടെ ചൂടും, മഞ്ഞിന്റെ തണുപ്പും, പക്ഷിയുടെ ചിലമ്പലും, കുയിലിന്റെ സ്വരമാധുരിയും, ഇവയും പിന്നെയും ഒത്തിരിക്കൂട്ടം ചേർന്നതാണമ്മ. ഓരോ അമ്മയിലും ഈ ഭാവങ്ങളൊക്കെ ഏറ്റക്കുറച്ചിലുകളോടെ സന്നിഹിതമായിരിക്കും.

യുഗയുഗങ്ങളായി മനുഷ്യ മനസ്സിലുണ്ടായിരുന്ന ഈ അമ്മ ബിംബങ്ങൾക്കും അമ്മസങ്കൽപ്പങ്ങൾക്കും അർത്ഥക്ഷയവും അസ്തിത്വക്ഷയവും സംഭവിച്ചുകഴിഞ്ഞിരിക്കുന്ന ഒരു ആഗോള സംസ്കാരത്തിലാണ് നാമിന്നു ജീവിക്കുന്നത്. അതു മനസ്സിലാകണമെങ്കിൽ ഒരമ്മയുടെ അഭിമാനത്തോടെയുള്ള സംസാരം



ശ്രദ്ധിക്കുക: “അവനു വയസ്സിരുപത്തിമൂന്നു കഴിഞ്ഞതേയുള്ളു, ശമ്പളം രണ്ടു ലക്ഷമടുത്താണ്. തിരക്കുകാരണം വീട്ടിലേക്കൊന്നു വിളിക്കാൻ പോലും അവനു സമയമില്ല. ഞങ്ങൾക്കതിൽ പരാതിയില്ല കേട്ടോ. രാത്രിയിൽ ജോലികഴിഞ്ഞാൽ ഒരാശ്വാസത്തിനു വേണ്ടി കൂട്ടുകാരുംകൂടി ക്ലബ്ബിൽ പോയിരിക്കുമെന്നാ പറഞ്ഞത്. അടുത്തമാസം കമ്പനിക്കാരുതന്നെ അവനെ വിദേശത്തേക്കുവിടുകയാണ്. പിന്നെന്നാണു നാട്ടിലേക്കുവരാൻ പറ്റുന്നതെന്നൊന്നുമറിയത്തില്ല. സാരമില്ല, എന്നെങ്കിലും പറ്റുമ്പോൾ വന്നാൽ മതിയെന്നു ഞാനും അവനോടു പറഞ്ഞു.”

പണ്ടായിരുന്നെങ്കിൽ ഒരമ്മയുടെ പ്രതികരണമെന്തായിരുന്നേനേ? “ആരോഗ്യം കളഞ്ഞു പണിയെടുക്കണ്ടാ മോനേ, കാശു വരുകേം പോകുകേം ചെയ്യും. എത്ര തിരക്കായാലും ദിവസോം പ്രാർത്ഥിക്കാൻ മറക്കല്ലേ, പള്ളീപ്പോകാനും മടിക്കല്ലേ, ക്ലബ്ബിലെങ്ങും പോയിരുന്നു സമയംകളയാതെ കിടന്നുറങ്ങണം. കാശിത്തിരി കുറഞ്ഞാലും ഇവിടെക്കിട്ടുന്നതു പോരെ, മറുനാട്ടിൽ പോണോ? എത്രയും നേരത്തെ വീട്ടിലൊന്നു വരാൻ നോക്കണേ. നിന്നെക്കണ്ടിട്ടെത്ര നാളായി.”

മകനായാലും മകളായാലും ഏറ്റവും വിലപ്പിടിപ്പുള്ള വളർത്തു മൃഗമാണിന്ന്. അതിനെ പോറ്റുന്നത് ലക്ഷങ്ങൾ കൊണ്ടുവരുവാനുള്ള മൂലധനനിക്ഷേപമായിട്ടാണ്. മുലകുടിമാറും മുമ്പ് പ്ലേ സ്കൂളിലെത്തിയാൽ പിന്നീടുള്ള പത്തിരുപതു വർഷങ്ങൾ ഒരു പഠനയന്ത്രമായി ജീവിച്ച്, ക്യാമ്പസ് സെലക്ഷനിലൂടെത്തന്നെ വലിയ മൾട്ടിനാഷനൽ കമ്പനിയിലെ ഉദ്യോഗസ്ഥനായി കഴുത്തിൽ അതിന്റെ ഐഡി ടാഗുംതൂക്കി വിജയികളെപ്പോലെ നീങ്ങുന്ന എത്രയെത്ര യുവാക്കൾ. തീരെ ചെറുപ്പത്തിലെ ഒരുപാടു മോഹങ്ങളുടെ തേരിലേറി വിദേശത്തേയ്ക്കു കയറ്റി അയ്ക്കപ്പെടാനും, വൻകായ്ഫലങ്ങൾ ചുരുങ്ങിയ കാലം കൊണ്ടു കൊയ്തെടുക്കാനും പാകത്തിനു വളർത്തപ്പെടുന്ന ബ്രോയിലർ ഉൽപന്നങ്ങൾ. നന്നേ ചെറുപ്പത്തിലേ ലക്ഷങ്ങളുടെ അധിപതികളും, നഗരത്തിൽ ഫ്ളാറ്റുകളുടെയും മുന്തിയ കാറുകളുടെയും ഉടമകളും, ഏതു സുഖഭോഗങ്ങളും കൈയ്യെത്തുന്നിടത്തുള്ളവരുമായ മക്കളിൽ അഭിമാനം കൊള്ളുന്ന അമ്മമാർ. പണമുണ്ടാക്കുന്ന യന്ത്രങ്ങളായി മക്കളെ വളർത്തിയെടുക്കുന്നതിൽ തൊഴിൽ മേഖലകൾ മാത്രമല്ല, റിയാലിറ്റിഷോകളും, യുവജനോത്സവവേദികളും മത്സരിക്കുന്നത് കാണാറില്ലേ. കാണികളുടെ മുമ്പിൽ മാറ്റുതെളിയിച്ച് വേണ്ടതു കൊയ്തെടുക്കാനുള്ള മൂലധനങ്ങളായി മക്കൾ.

പത്തുനാല്പതു വർഷങ്ങൾക്കുമുമ്പുവരെ അഛനമ്മമാരുടെ ഗന്ധവും ശ്വാസവും മുറ്റിനിന്ന സ്വന്തംവീടിന്റെ കൊച്ചുമുറിയായിരുന്നു ഈറ്റില്ലം. സൂതികർമ്മിണിയുടെ മാത്രം ശുശ്രൂഷയും. പിറന്നു വീഴുന്നകുഞ്ഞ് ആദ്യമെടുക്കുന്ന ശ്വാസം ചുറ്റുംകാത്തിരുന്നിരുന്ന പ്രിയപ്പെട്ടവരുടെ സ്നേഹോഷ്മളമായ ഉഛ്വാസവായുവായിരുന്നു. തൊടിയിലെ മാങ്കൊമ്പിലി

രുന്നുപാടുന്ന കിളിയുടെ കൂജന വും, പാതി തുറന്ന ജനൽപാളിയി ലൂടെ പതുങ്ങിയെത്തുന്ന ഇളങ്കാറ്റും സൃഷ്ടിച്ചിരുന്ന ആരോഗ്യകരമായ അന്തരീക്ഷം അതിനെആവരണം ചെയ്തിരുന്നു.

എന്നാൽ ഇന്നോ? പിറവിക ളെല്ലാം ആശുപത്രികളിലാണ്. അവിടെ സാങ്കേതികമായ സുരക്ഷി തത്വം ഏറെയുണ്ടെന്നതു സത്യം തന്നെ. പക്ഷെ ബാക്കി യെല്ലാം യന്ത്രമയം, പിറക്കുന്നതും പരിച രണവും പോലും. ഈ യന്ത്രയുഗ ത്തിലെ മനുഷ്യത്വത്തിന്റെ മരവിപ്പ് അവിടെ ആരംഭിക്കുന്നു. നാഗരികത യുടെ കൃത്രിമത്വവും, തിരക്കുക ളുടെ ശബ്ദകോലാഹലങ്ങളുമാണ് അതിനെഎതിരേല്ക്കുന്നത്. ഭവന ത്തിലെത്തിയാലും പെറ്റമ്മയുടെ മുലപ്പാലിനെക്കാൾ കമ്പോളത്തിലെ ബേബിഫുഡിനാണു പ്രഥമ സ്ഥാ നം. ജനനം മുതൽ തന്നെ സാന്ത്വന തലോടലുകളറിഞ്ഞും, താരാട്ടുപാട്ടു കൾ കേട്ടും, വാരിയെടുക്കലും മാറോടണയ്ക്കലും അനുഭവിച്ചും, സ്നേഹഭാഷണങ്ങളും ചിരിക്കുന്ന മുഖങ്ങളും കണ്ടും ഈ പ്രകൃതി യോട് ഇണങ്ങുന്നതിനു പകരം, അ തിനുകിട്ടുന്നത് പ്രകൃതിയിൽനിന്നും അകറ്റപ്പെട്ട് യന്ത്രപ്പാവകളും, വർണ്ണ ക്കളിപ്പാട്ടങ്ങളും ഡിജിറ്റൽ മ്യൂസി ക്കും. അവയെല്ലാം ഒരു കുഞ്ഞിന്റെ ഹൃദയതാളം ഒന്നിനൊന്നു യാന്ത്രിക മാക്കുന്നു. ഓടിനടക്കാറാകുന്ന തോടെ ഷൂസും, സോക്സും, ഷോർട്സും, ഷർട്ടും, ടൈയ്യുംവരെ അണിയിച്ച് പ്ലേസ്കൂളിലേയ്ക്കക്കു മ്പോഴും, അവർ ടൈലിട്ട തറയിൽ മുന്തിയ കളിപ്പാട്ടങ്ങളുടെയിട യിലാണ്. വീട്ടുമുറ്റത്തെ പൂഴിമണ്ണും, പര്യമ്പുറത്തെ വാഴച്ചുണ്ടും, മാഞ്ചു വട്ടിലെ കണ്ണിമാങ്ങായും അവർക്ക ന്യമായിപ്പോകുന്നു.

യാത്രയോ, സ്കൂൾ ബസ്സി ൽ. പൊതിച്ചോറുമായി കൂട്ടുകൂടി നടന്നും, വർത്തമാനം പറഞ്ഞും വഴ ക്കടിച്ചും, വഴിയോരത്തെ പൂക്കൾ പ റിച്ചും പൊതുവാഹനത്തിൽ ഇടിച്ചു കയറിയും, സ്കൂളിൽപോയി ശീലമി ല്ലാത്ത കുട്ടികളിൽ താൻപോരിമ കൂടും, അക്രമവാസന ഏറും. പ്രകൃ തിയുടെ മൃദുല ഭാവങ്ങളിൽനിന്നും കുടുംബത്തിലെ സ്നേഹാന്തരീക്ഷ ത്തിൽ നിന്നും അകന്ന് യാന്ത്രികമാ യിത്തീർന്ന അവരുടെ ഹൃദയത്തിന് സ്നേഹിക്കാനും സ്നേഹം ഉൾ ക്കൊള്ളാനുമുള്ള കഴിവു നശിക്കു ന്നു. നിസ്സാരകാര്യങ്ങൾ അവരെ പ്രകോപിതരാക്കുന്നു. കുഞ്ഞുങ്ങൾ പിച്ചവച്ചുവളരുന്ന പ്രാരംഭവിദ്യാ ലയം സ്വന്തംവീടാണ്. പ്രധാനാദ്ധ്യാ പിക അമ്മയും. മൂല്യബോധം അവി ടെനിന്നുകിട്ടണം. വിലയുള്ളതിനെ യാണല്ലോ മൂല്യമുള്ളത് എന്നുപറ യുന്നത്.

സമ്പൂർണ്ണസാക്ഷരതയ് ക്കു സമാന്തരമായി വയ്ക്കാൻ നമു ക്കെന്തൊക്കെയാണിപ്പോഴുള്ളത്!! മദ്യ ഉപഭോഗത്തിൽ, ആത്മഹത്യ യിൽ, മാനസികരോഗത്തിൽ, സ്ത്രീപീഢനത്തിൽ, വിവാഹമോച നത്തിൽ ഒക്കെ നാം മുൻപന്തിയി ലെത്തി. എന്തുകൊണ്ട്? ഒറ്റവാക്കിൽ ഉത്തരം ഉപഭോഗസംസ്ക്കാരം. അതിന്റെ പിടിയിലമർന്നതും, കരക യറാനാകാത്തവിധം അതി ന്റെ ആഴ ങ്ങളിൽ പെട്ടുപോയതിന്റെയും കാര ണമെന്ത്? അതിനും ഒറ്റയുത്തരം, അമ്മയുടെ പരാജയം.

നാടാകെ ഒറ്റപ്പട്ടണമായും, രാജ്യം ഒറ്റനഗരമായും, ലോകം ഒറ്റ



> **അമ്മ ഒരു ഭാവമാണ്, നന്മയുടെ ഭാവം. പ്രപഞ്ചം നിറയുന്ന കരുതലിന്റെ ഭാവം. അമ്മയാവേണ്ട വരാണേവരും.**

രാജ്യമായും ചുരുങ്ങിക്കൊണ്ടിരിക്കുന്ന ന്യൂജൻ സംസ്ക്കാരത്തിൽ നമ്മൾ ഒതുങ്ങി ഒതുങ്ങി സ്വന്തം വീടിന്റെ ചുവരുകൾക്കുള്ളിലേയ്ക്ക് ചുരുങ്ങിയിരിക്കുന്നു. ഫലമോ? അമ്മ അമ്മയും, അമ്മായിയും, അമ്മായിയമ്മയും, അമ്മൂമ്മയും, ഏട്ടത്തിയും, അനിയത്തിയും, കുഞ്ഞമ്മയും, മകളും ഒക്കെയായി ഏറെ റോളുകൾ മെയ്‌വഴക്കത്തോടെ കൈകാര്യം ചെയ്തിരുന്ന കൂട്ടുകുടുംബങ്ങൾ അന്യംനിന്നു. ഒരു മക്കളെയും, വെട്ടിപ്പിടിക്കാനോ, ആരുടെതോളിലും ചവിട്ടി മുകളിലെത്താനോ പഠിപ്പിക്കാതെ, സ്വന്തംമക്കളെപ്പോലെതന്നെ അയലത്തെ കുട്ടികളെയും ഉൾക്കൊള്ളാനുള്ള വിശാലമനസ്സുള്ള അമ്മമാരു വളർത്തിയ അയൽ പക്ക സൗഹൃദങ്ങൾ പഴങ്കഥയായി. ആരുടെ സന്തോഷങ്ങളും സങ്കടങ്ങളും പങ്കുവയ്ക്കാനും ഏറ്റുവാങ്ങാനും ഉൾക്കൊള്ളാനും തയ്യാറുണ്ടായിരുന്ന അമ്മമാരുടെ നാട്ടുക്കൂട്ടങ്ങളും കെട്ടുകഥയായി.

ഈ സംസ്ക്കാരത്തിൽ ജനിച്ചുവളർന്ന ന്യൂജൻ അമ്മയുടെ മനസ്സും ഇതുപോലെ ചുരുങ്ങിക്കൂടിപ്പോയിരിക്കുന്നു. അണുകുടുംബത്തിലേയ്ക്കെത്തിയപ്പോൾ നഷ്ടമായതതാണ്. വീടിന്റെ നാലുഭിത്തിക്കപ്പുറത്തേയ്ക്കു മനസ്സുതുറക്കാൻ ഇന്ന് ഏതമ്മയ്ക്കാണു താത്പര്യം? അണു കുടുംബത്തിൽ, ഞാനുമെന്റെ കണവനും മക്കളും മാത്രം, എന്ന സ്വകാര്യതയിലേയ്ക്ക് സ്ത്രീയിലെ മാതൃത്വം വീകലീകരിക്കപ്പെടുന്നു. സൗഹൃദങ്ങളും ബന്ധങ്ങളും പോലും ശോഷിച്ച്, എങ്ങനെയും തട്ടിക്കൂട്ടുന്ന വീടിനും വീട്ടുസാധനങ്ങൾക്കുമിടയിലേയ്ക്ക് ജീവിതം ചുരുങ്ങുമ്പോൾ ഒരു സ്ത്രീയിലെ അമ്മഭാവം ശീതീകരിക്കപ്പെടുന്നു. ഉള്ളിലേയ്ക്ക് ഒന്നും കടന്നുവരാതെ വാതായനങ്ങൾ അടച്ചുകെട്ടിയ സങ്കേതങ്ങളായി വീടുകൾ പരിണമിക്കുമ്പോൾ ടിവിയിലും ഇന്റർനെറ്റിലുമായി ജീവിതത്തിന്റെ ആസ്വാദന മേഖലകൾ ചുരുങ്ങുന്നു.

ന്യൂജൻ അമ്മ അറിയാതെ മക്കൾക്കു പകരുന്നത് അനാരോഗ്യകരമായ മത്സരത്തിന്റെയും വെറുപ്പിന്റെയും വിഷവിത്തുകളാണ്. ഗ്രേഡിലും മാർക്കിലും മുന്നിലായ സഹപാഠിയേയും, വിരുതിൽ മുമ്പരായ സമപ്രായക്കാരെയും വെറുക്കണമെന്നു വാക്കിലൂടെയല്ലാതെ പഠിപ്പിക്കുന്നത് ഈ അമ്മമാരാണ്. ജീവിതത്തിൽ ആരെയും വെറുക്കുകയോ തോൽപിക്കുകയോ വേണ്ടെന്ന ക്രിയാത്മകമൂല്യം പകർന്നു കൊടുക്കാൻ സാധിക്കാത്ത അമ്മ വളർത്തുന്ന മക്കൾക്ക് നിഷ്കളങ്കമായി സ്നേഹിക്കാനോ, ആത്മാർത്ഥമായ സുഹൃദ്ബന്ധങ്ങൾ വളർത്താനോ അസാധ്യമായിരിക്കും.

അമ്മയെന്നത് ഒരു ഭാവമാണ്. അമ്മഭാവത്തിന്റെ കാതലാണ് 'കരുതൽ'. അതിന്റെയൊരു ചാല് ശുദ്ധമനസ്സുള്ള ആരിലൂടെയുമൊഴുകുന്നുണ്ടാകും, ജന്മംതന്ന അമ്മയിലേതുപോലെ അത്രതീവ്രമല്ലെങ്കിലും. തകർന്ന മകനെ തള്ളാതെ മാറോടണയ്ക്കുന്ന അപ്പനിലും, അവഗണിക്കപ്പെടുമ്പോഴും അനുഗ്രഹിക്കുന്ന അപ്പൂപ്പനിലും, അമ്മഭാവമുണ്ട്, അമ്മയുടെ കവിളിലെ കണ്ണീരൊപ്പുന്ന മകനിലും ഒരമ്മയുണ്ട്. പൊട്ടിക്കരയുന്ന സഹോദരിയെ കെട്ടിപ്പിടിക്കുന്ന സഹോദരനിലും, തകർന്നടിഞ്ഞ സഹോദരനെ തലോടിയുണർത്തുന്ന സഹോദരിയിലും അമ്മഭാവമല്ലാതെ മറ്റെന്താണ്. നിരാശയിലാണ്ട സുഹൃത്തിനെ അടുത്തിരുന്നാശ്വസിപ്പിക്കുമ്പോളും, കുടുക്കിൽപെട്ട സഹപ്രവർത്തകന്റെ കൂടെ നിൽക്കുമ്പോഴും അമ്മഭാവം തന്നെ മുമ്പിൽ. അതേ, അമ്മ ഒരുഭാവമാണ്, നന്മയുടെ ഭാവം. പ്രപഞ്ചം നിറയുന്ന കരുതലിന്റെ ഭാവം. അമ്മയാവേണ്ടവരാണേവരും.



# കാവലൻ



സി, രമ്യാ മാത്യു SCJG



സിദ്ധു എനിക്കൊരു കുസൃതി കൂട്ടുകാരനായിരുന്നു. കുസൃതി എന്നു പറഞ്ഞാൽ കൗതുകവും അമ്പരപ്പും നിറഞ്ഞതും ഒപ്പം അല്പം ഭയം ജനിപ്പിക്കുന്നതും; മനസിലാക്കാൻ പറ്റാത്ത ഒരു വ്യക്തിത്വം. മറ്റ് കൂട്ടുകാർക്കിടയിൽ അവനൊരു വ്യത്യസ്തനായ 'ബാലൻ' തന്നെയായിരുന്നു. പക്ഷെ എൻെറ നയനങ്ങൾ അവനിലെ ശൂന്യതയിലേയ്ക്കാണ് മിഴി നട്ടത്.എന്തിന്റെയൊക്കെയോ ശൂന്യത നിറഞ്ഞ കഥാപാത്രം .യാദൃശ്ചികമായുള്ള സംഭാഷണത്തിൽ അവൻ മനസു തുറന്നു. കാര്യം മറ്റൊന്നുമല്ല പ്രണയ നഷ്ടം തന്നെ.പക്ഷെ ഇവിടെയും അവൻ വ്യത്യസ്തനായി.സാധാരണ പറയപ്പെടുന്ന കുറ്റപ്പെടുത്തലുകൾ ഒന്നുമില്ല അവൻെറ വാക്കിൽ, മറിച്ച് തൻെറ പ്രണയിനി തൻെറ ജീവിതത്തെ നിറമുള്ളതാക്കിയവളാണെന്ന് പറയുന്നതോടൊപ്പം അവളുടെ തിരസ്കരണത്തിൻെറ നൊമ്പരങ്ങളേറ്റു വാങ്ങിക്കൊണ്ടു തന്നെ അവളുടെ നന്മ ആഗ്രഹിക്കുകയാണ്

എൻെറ കൂട്ടുകാരൻ .നിരാശയുടെ വഴിത്താരയിൽ ജീവിതമാടിയുലയുമ്പോഴും അവൻ തന്നെ പറയുന്നുണ്ട് ശാഠ്യമുള്ള തൻെറ വ്യക്തിത്വത്തെ കുറേക്കൂടി നിഷ്കളങ്കമാക്കിയത് അവളുടെ സാന്നിദ്ധ്യവും പ്രോത്സാഹനവുമായിരുന്നെന്ന്. സ്നേഹിക്കും എന്നു കരുതിയവൾ തള്ളിപ്പറഞ്ഞപ്പോഴും അവൾക്കെതിരെ നീങ്ങാതെ മറ്റാരുടേയും വിധികൾക്ക് കാതോർക്കാതെ അവളുടെ മനസ്സ് നോവിക്കാനിടയാകാതെ ഇന്നും അവൻ ഒരു അണിയറയിലെന്നപോലെ തന്റെ ജീവിതയാത്ര തുടരുകയാണ്. ഈ കഥ കേട്ടപ്പോൾ എന്റെ മനസ്സിൽ വന്ന ചിന്ത ഇതല്ലേ യഥാർത്ഥ സ്നേഹം, യഥാർത്ഥ സൗഹൃദം. അപരന്റെ ജീവിതത്തിൽ ആനന്ദത്തിന്റെ മധു പകരാൻ ആഗ്രഹിക്കുന്നവർ ഇന്നും നമുക്കു ചുറ്റിലും ഉണ്ടെന്ന ഒരു യാഥാർത്ഥ്യം ഞാൻ തിരിച്ചറിയുകയായിരുന്നു.

എന്നാൽ ഇതിൽ നിന്നും വേറിട്ട് മനുഷ്യ മനഃസാക്ഷിയെ മരവിപ്പിക്കുന്ന വാർത്തയുമായാണ് 2017 ഫെബ്രുവരി മൂന്നാം തീയതി ലോകം ഉണർന്നത്. സ്നേഹിച്ച പെൺകുട്ടി തന്നെ വിവാഹം കഴിക്കില്ല എന്ന കാരണത്താൽ കോപാവേശം പൂണ്ട് അവളുടെ ജീവൻ ക്രൂരമായി നശിപ്പിച്ച ചെറുപ്പക്കാരനെക്കുറിച്ച്. 'ഇന്നത്തെ യുവാക്കളാണ് നാളത്തെ പൗരന്മാർ' എന്നു പറയുന്ന ശൈലിക്ക് ഇവിടെ എന്തു പ്രസക്തി.

ജീവിതത്തിൽ വസന്തം വിരിക്കേണ്ട ഇന്നത്തെ യുവത്വം അടുത്ത തലമുറയിലേയ്ക്ക് നന്മയുടെ വെളിച്ചം കൈ മാറുമോ എന്ന് ആശങ്കയുണ്ട്. സമൂഹനന്മയെക്കാൾ അവർ അക്രമത്തിലൂടെയും ഹിംസയിലൂടെയും സ്വതന്ത്രരാകാൻ വെമ്പുന്നു. മഹാനായ ഗാന്ധിയും മറ്റു നേതാക്കളും സത്യത്തിലൂടെയും അഹിംസയിലൂടെയും ധർമ്മത്തിലൂടെയും ഉയർത്തിക്കാട്ടിയ പ്രത്യയ ശാസ്ത്രങ്ങളേക്കാൾ ഇന്നവരെ ഭരിക്കുക അക്രമരാഷ്ട്രീയത്തിലൂടെ നേടുന്ന 'ഹീറോയിസ' മാണ്. സാമൂഹിക പ്രശ്നങ്ങളെ സംവാദത്തിലൂടെ പരിഹരിക്കുന്നതിനു പകരം നശിപ്പിക്കലിന്റെ പ്രത്യയശാസ്ത്രമാണ് ഇവരുടെ കരങ്ങളിൽ... മനസുകളിൽ പകയുടേയും പീഢനത്തിന്റേയും വിദ്വേഷത്തിന്റെയും കൊലപാതകങ്ങളുടേയും തീനാളങ്ങൾ ആളിക്കത്തുമ്പോൾ അവരറിയാതെ പോകുന്നുണ്ടാവാം അവരുടെ നീചപ്രവർത്തികൾക്കു പിന്നിൽ വേദനിക്കുന്ന കുറേ ജന്മങ്ങളെ. അറിവിന്റേയും അക്ഷരക്കൂട്ടുകളുടേയും വെളിച്ചത്തിലൂടെ ചരിത്രനേട്ടം കുറിക്കേണ്ടവർ സാമൂഹ്യമാധ്യമങ്ങൾ വച്ചു നീട്ടുന്ന സ്വാർത്ഥലാഭത്തിന്റെയും ജല്പസുഖത്തിന്റേയും മാസ്മരിക ശക്തിയാൽ നയിക്കപ്പെടുമ്പോൾ അഹിംസയിലൂടെ സമൂഹനന്മ ലക്ഷ്യം വച്ച ഗാന്ധിയൻ പാതകളെ തൃണവത് ക്കരിച്ച് ഹിംസയുടെ മാർഗ്ഗത്തിലൂടെ ലക്ഷ്യങ്ങളെ വെട്ടിപ്പിടിക്കാൻ കുതിക്കുന്ന യുവാക്കൾ തങ്ങളുടെ തന്നെ സമൂഹത്തിന്റെ ഉയർച്ചക്ക് പകരം അധഃപതനത്തിന് കൂച്ചുവിലങ്ങിടുകയാണെന്ന പറയേണ്ടിയിരിക്കുന്നു.

മനുഷ്യത്വത്തെ ആദരിക്കുവാനുള്ള പൊതുപ്രവണത കുറഞ്ഞുവരികയാണ്. ഒരു കൂട്ടം യുവാക്കൾ സമൂഹത്തെ സാങ്കേതിക വളർച്ചയിലേയ്ക്കു നയിക്കുമ്പോൾ മറ്റൊരു കൂട്ടർ അതിനെ കത്തിക്കലിന്റേയും വെട്ടിക്കൊലയുടേയും അവസരമായി മാറ്റുന്നു. എ.പി.ജെ. അബ്ദുൽ കലാം പറയുന്നു 'സ്വപ്നങ്ങൾക്കു ചിറകുമുളപ്പിക്കാൻ' ഇവിടെ ചിലർ മറ്റുചിലരുടെ സ്വപ്നങ്ങൾക്കു കരിനിഴൽ വീഴ്ത്തുന്നു. നമ്മുടെ യുവാക്കൾ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കുവാൻ വെമ്പുന്നവരാകണം.

തന്റെ ബുദ്ധി കൊണ്ടും കർമ്മശേഷി കൊണ്ടും പ്രഗത്ഭനായ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ (ഡി.എം. ആർ.സി) ഉപദേഷ്ടാവ് ഡോ. ഇ. ശ്രീധരൻ തേവര സേക്രട്ട് ഹാർട്ട് കോളേജിൽ 'മികവ് സാമൂഹിക മാറ്റത്തിന്' എന്ന വിഷയത്തിൽ നടത്തിയ പ്രഭാഷണം 2017 ഫെബ്രുവരി 15 ലെ ദീപിക പത്രത്തിൽ വന്നത് ശ്രദ്ധേയമാണ്. ഈ കഴിഞ്ഞ നാളുകളിൽ നമ്മുടെ കലാലയങ്ങളിൽ നടമാടിയ പ്രവൃത്തികളെ അദ്ദേഹം വിശേഷിപ്പിച്ചത്



**അപരന്റെ ഹൃദയത്തെ തൊട്ടവനാകണം യഥാർത്ഥ സുഹൃത്ത്. അങ്ങനെയുള്ള വ്യക്തിക്കേ അപരന്റെ നന്മ കാണാനാകൂ.**



'സമൂഹത്തിന് സംഭവിച്ചിരിക്കുന്ന സാംസ്ക്കാരിക മൂല്യച്യുതി' എന്നാണ്. ഏകാഗ്രത, കൃത്യനിഷ്ഠ, സാമൂഹിക പ്രതിബന്ധത തുടങ്ങിയവയിലൂടെ നാം നേടുന്ന മികവിന്റേയും വിജയത്തിന്റേയും പാതയിലൂടെ മുന്നേറുമ്പോഴാണ് കൂടുതൽ പക്വതയാർന്ന വ്യക്തിത്വങ്ങൾ രൂപപ്പെടുകയെന്ന് അദ്ദേഹം പങ്കുവയ്ക്കുകയുണ്ടായി. 'ഇല വന്നു മുള്ളിൽ വീണാലും മുള്ളുവന്ന് ഇലയിൽ വീണാലും ഇലയ്ക്കാണ് കേട്' എന്നു പറയുന്ന പഴഞ്ചൊല്ല് ഓർക്കുമ്പോൾ മുള്ളായി ചിത്രീകരിക്കുന്നവൻ സംരക്ഷണ കവചമായിത്തീരുന്നില്ലെങ്കിൽ വേദനനൽകുന്ന പാഴ്വസ്തുവായി പരിണമിക്കുമെന്ന് തീർച്ച. കാരണം സംരക്ഷണ കവചമായ 'മുള്ള്' ധർമ്മം മറന്നു പ്രവർത്തിക്കു ബോൾ മനുഷ്യമനസ്സിൽ അറി യാതെ തന്നെ അത് വെറുമയുടെ ഭാവം സൃഷ്ടിക്കുന്നു.

സ്ത്രീജന്മങ്ങൾക്ക് കാവലാകേണ്ടവരാണ് പുരുഷ ജന്മങ്ങൾ, അമ്മ - പെങ്ങന്മാർക്കു വേണ്ടി സുരക്ഷിതവലയം തീർക്കേണ്ട യുവാക്കൾ തന്നെ ഇന്ന് സ്ത്രീപീഢനങ്ങൾക്കും കൊലപാതകങ്ങൾക്കും ഗുണ്ടാസംഘപ്രവർത്തനങ്ങൾക്കും മുൻകൈ എടുക്കുമ്പോൾ വിശ്വാസം, സ്നേഹം ഇവയൊക്കെ അർത്ഥമില്ലാത്ത പാഴ്വാക്കുകളായി മാറുന്നുവോ? അപരന്റെ ഹൃദയത്തെ തൊട്ടവനാകണം യഥാർത്ഥ സുഹൃത്ത്. അങ്ങനെയുള്ള വ്യക്തിക്കേ അപരന്റെ നന്മ കാണാനാകൂ. ഇഷ്ടമായതൊക്കെ പറിച്ചെറിയേണ്ടി വരുമ്പോഴും അവനിലെ വെളിച്ചത്തെ ദർശിക്കാനാകൂ. അവനാണ് ഒരു യഥാർത്ഥ സഹോദരൻ - സുഹൃത്ത് - ഭർത്താവ് ആകാൻ കഴിയുക. അവനിലെ ആത്മീയ വെളിച്ചമാണ് അപരനിലെ ജീവിതത്തെ പ്രകാശമാക്കുക. അപ്പോൾ സ്നേഹം എന്നത് ഒരു മാംസദാഹത്തേക്കാൾ നിർമ്മലമാകും. ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ Rainbow of sorrow എന്ന ഗ്രന്ഥത്തിൽ പറയുക "Love is a mystery" സ്നേഹം ഒരു രഹസ്യമാണ്. മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമായ രഹസ്യം. അതിന്റെ യഥാർത്ഥ ഭാവവും സ്വഭാവവും നമുക്കു പെട്ടെന്നു അറിയാനാവില്ല.

വി. പൗലോസ് ശ്ലീഹാ 1 കോറി. 13/4-8 ൽ പറയുന്നു സ്നേഹം അസൂയപ്പെടുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, വിദ്വേഷം പുലർ ത്തുന്നില്ല. തനിക്കു പ്രിയമെന്നു കരുതിയ പെൺകുട്ടി തന്നെ വിവാഹം കഴിക്കില്ല എന്ന കാരണത്താൽ കോപാവേശം പൂണ്ട് അവളുടെ ജീവൻ ക്രൂരമായി അപഹരിച്ച യുവാവിനെക്കുറിച്ചോർക്കുമ്പോൾ നൂറ്റാണ്ടുകൾക്കു മുൻപ് പ്രതിശ്രുത വധുവിൽ കളങ്കം ചാർത്താൻ - അപമാനിക്കാൻ ആഗ്രഹിക്കാത്ത ഒരു ചെറുപ്പക്കാരൻ ഉണ്ട്, നസ്രത്തിലെ ജോസഫ്. ഒരു യഥാർത്ഥ സംരക്ഷകന്റെ ചിത്രമാണ് വി.യൗസേപ്പിതാവിൽ കാണാൻ കഴിയുക. ദൈവത്തിന്റെ സ്വപ്നങ്ങൾക്കൊപ്പം യാത്രചെയ്തവൻ... ജീവിതത്തെ പഴിക്കാതെ തനിക്ക് തന്ന തുണയിലെ നന്മയുടെ നുറുങ്ങുവെട്ടം ദർശിച്ചവൻ.അവൻ സംരക്ഷകനായതു കൊണ്ടോ, ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനായതു കൊണ്ടോ, അവന്റെ ജീവിതം സുഗമമാകുന്നില്ല. പ്രശ്നങ്ങളിൽ നിന്ന് പ്രതിസന്ധികളി ലേയ്ക്കുള്ള യാത്രയായിരുന്നു അവന്റേത്. എങ്കിലും തന്റെ ജീവിതം കൊണ്ട് മറ്റുള്ളവരുടെ ജീവിതത്തെ പ്രകാശമാക്കി അവർക്ക് തണലായ് നിന്ന ആ നന്മ നസ്സിനെ ഓർമ്മിക്കുന്ന നാളാണ് ഈ മാർച്ച് 19. നമുക്കും പ്രാർത്ഥിക്കാം അപരന്റെ കാവൽ ക്കാരനാവാൻ നമ്മെയും പ്രാപ്തരാക്കണമെയെന്ന്.





# താഴ്‌വരയിൽ പെയ്ത മഞ്ഞ്

ബ്ര. ജേക്കബ് ജോർജ്ജ് OH

സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ആഗ്രഹിക്കുന്നവരാണ് നാമോരോരുത്തരും, പരിഗണിക്കപ്പെടാനും സ്വീകരിക്കപ്പെടാനും കൊതിക്കുന്നതുമാണ് നമ്മുടെ മനസ്സ്. പക്ഷേ ഈ ആധുനിക ജീവിതശൈലികൾ ഓരോന്നും നമ്മെ വ്യക്തി കേന്ദ്രീകൃത ജീവിതം നയിക്കുവാൻ പ്രേരിപ്പിക്കുന്നു. തന്റെ ചുറ്റുമുള്ളവരെ, പ്രകൃതിയെ കാണുന്നതിനുപകരം തനിക്കു മാത്രം സുഖം പകരുന്ന ഭൗതിക മേഖലകളിലേയ്ക്ക് മനുഷ്യമനസ്സ് ചാഞ്ചാട്ടം നടത്തുന്നു. ഇവിടെയാണ് ഈ കാലഘട്ടത്തിൽ തന്നെ തരംഗം സൃഷ്ടിക്കുന്ന ദൈവത്തിന്റെ വിശുദ്ധ യോഹന്നാന്റെ സാക്ഷ്യജീവിതം ചോദ്യചിഹ്നമാകുന്നത്.

മാർച്ച് 8 തിരുസ്സഭയുടെ ചരിത്രത്തിൽ 'ദൈവത്തിന്റെ ജോൺ' എന്ന വിശുദ്ധന്റെ ഉദയം. ആത്മാക്കളെ ദൈവത്തിനു വേണ്ടി നേടുവാനുള്ള തീക്ഷ്ണമായ ആഗ്രഹത്തോടെ മുന്നിട്ടിറങ്ങിയ വി.ജോണിന്റെ തിരുനാൾ സഭ ആഘോഷിക്കുന്ന മാർച്ച് 8 ലോക വനിതാദിനമായതിലും ഏറെ അത്ഭുതപ്പെടാനില്ല. പാവപ്പെട്ടവരും, രോഗികളും, അനാഥരും കുട്ടികളും ദൈവത്തിന്റെ ജോണിന്റെ സംരക്ഷണ വലയത്തിൽ ഉൾപ്പെട്ടവരായിരുന്നു. ഒപ്പം മറ്റാരും കടന്നുചെല്ലാത്ത ഒരു മേഖലയിലേയ്ക്ക് ജോൺ നടത്തിയ ചുവടു വയ്പ് സഭയുടെ മാത്രമല്ല ലോകചരിത്രത്തിൽ തന്നെ ഒരു പുതിയ കാൽവയ്പായിരുന്നു.

സ്ത്രീ സംരക്ഷണത്തിനും സ്ത്രീ വിമോചനത്തിനുമായി ശബ്ദമുയർത്തുന്ന ഇന്ന്, പതിനാറാം നൂറ്റാണ്ടിൽ വി.ജോൺ ഓഫ് ഗോഡ് സമൂഹമധ്യത്തിൽ അഃധപതിച്ച, താഴ്‌വാരങ്ങളിൽ കഴിഞ്ഞ സ്ത്രീകളിൽ സ്നേഹത്തിന്റെ-സ്വാന്തനത്തിൻെറ-വിശുദ്ധിയുടെ മഞ്ഞായ് പെയ്തിറങ്ങിയ രംഗങ്ങൾ നമ്മെ അത്ഭുതപ്പെടുത്തും. വേശ്യാവൃത്തി നടത്തി ജീവിക്കുന്ന സ്ത്രീകളെ രക്ഷിക്കുവാൻ ദൈവത്തിലാശ്രയിച്ചുകൊണ്ട് സാഹസികമായി അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ ഇന്നും പ്രസക്തമാണ്. പാപബന്ധനങ്ങളിൽ കഴിയുന്നവരുടെ

സമീപം ക്രൂശിത രൂപവുമായി
കടന്നുചെന്ന് അവരുടെ മുമ്പിൽ
മുട്ടുകുത്തി പാപികളെ രക്ഷിക്കു
വാൻ മരണം വരിച്ച ഈശോയുടെ
സ്നേഹത്തിന്റെ കഥ അവരോട് പറ
യും. പ്രാർത്ഥനാ പൂർവ്വമായ
അപേക്ഷകൾക്കു മുമ്പ് അവർ മാന
സാന്തരപ്പെടും. അവർ ജീവിച്ചിരി
ക്കുന്ന സ്ഥലസാഹചര്യങ്ങളിൽ
നിന്ന് അവരെ ആ നിമിഷം തന്നെ
അദ്ദേഹം കൂട്ടിക്കൊണ്ടു പോരും.
സമ്പന്നരും ഉദാരമതികളുമായ നിര
വധി സ്ത്രീകളുടെ സഹായത്തോടെ
അവർക്ക് ഒരു നല്ല ഭാവി ജീവിതം
ഒരുക്കി കൊടുക്കും. ഇപ്രകാരം
കുടുംബജീവിതത്തിൽ പ്രവേശിച്ച
സ്ത്രീകൾ നിരവധിയാണ്. ദൈവ
സ്നേഹത്തെ പ്രതി ചെയ്യുന്ന
തെല്ലാം ഉത്കൃഷ്ടമായി കരുതിയ
ജോണിന്റെ ഇപ്രകാരമുള്ള പ്രവർ
ത്തനങ്ങൾ ആദ്യം വിമർശന
വിധേയമാണെങ്കിലും അദ്ദേഹ
ത്തിന്റെ ഉദ്ദേശശുദ്ധിയും തീക്ഷ്ണ
തയും ദൈവസ്നേഹവും മനസ്സിലാ
ക്കിയവർ പിന്നീട് അദ്ദേഹത്തിന്
പൂർണ്ണപിന്തുണ നല്കി. ജോണിനെ
സംശയദൃഷ്ഠി യോടെ നോക്കിയ
വർ ആദര വോടെ അദ്ദേഹത്തിന്റെ
പ്രവർത്തനങ്ങളെ സഹായിക്കുന്ന
ചരിത്രമാണ് പിന്നീട് നാം കാണുക.
ഇപ്രകാരം സ്വയം ശൂന്യനായി
ദാസന്റെ രൂപം സ്വീകരിച്ച ഈശോ
യുടെ - ഈ ദാസ മനോഭാവം തന്റെ
കർമ്മപഥത്തിൽ സ്വീകരിച്ച, ദൈവ
ത്തിന്റെ വിശുദ്ധ യോഹന്നാന്റെ
അനുയായികളായ നമുക്കോ രോരു
ത്തർക്കും ഒരു കടമയുണ്ട്. ശുശ്രൂ
ഷിക്കപ്പെടാനല്ല ശുശ്രൂഷിക്കുവാ
നും നമ്മുടെ ഊർജ്ജവും ആരോ
ഗ്യവും ഇഷ്ടങ്ങളും എല്ലാം എളിയ
സഹോദരങ്ങൾക്കായി പകർന്നേകി
വെല്ലുവിളികൾ നിറഞ്ഞ ഈ ലോക
ത്തിൽ ശബ്ദമില്ലാത്തവർക്കായി
ശബ്ദ്ദമുയർത്താൻ, മാനസിക
മായും ആത്മീയമായും തകർന്നടി
ഞ്ഞവരെ അവയിൽ നിന്നെല്ലാം
ഉയിർത്തെഴുന്നേൽ പിച്ച് അവർക്ക്
ഇച്ഛാശക്തിയും ധൈര്യവും നൽകു
വാൻ കാലഘട്ടത്തിന്റെ വെല്ലുവിളി



**വി.ജോൺ ഓഫ് ഗോഡ്
സമൂഹമധ്യത്തിൽ അഃധപതിച്ച,
താഴ്‌വാരങ്ങളിൽ കഴിഞ്ഞ
സ്ത്രീകളിൽ സ്നേഹത്തിന്റെ–
സ്വാന്തനത്തിൻെറ– വിശുദ്ധിയുടെ
മഞ്ഞായ് പെയ്തിറങ്ങിയ രംഗങ്ങൾ
നമ്മെ അത്ഭുതപ്പെടുത്തും**

യായി നാം മാറട്ടെ, സമൂഹം മാറട്ടെ.
ഒന്നിലും തൃപ്തിയില്ലാത്ത ഈ
ആധുനികതയ്ക്കു മുന്നിൽ, രോഗ
ങ്ങൾ കൊണ്ട് വഴിമുട്ടിയ ജീവിത
ങ്ങൾക്ക് മുന്നിൽ ദൈവത്തിന്റെ
വിശുദ്ധ യോഹന്നാന്റെ ജീവിതം
ഉത്തേജനം നല്കട്ടെ. സമൂഹത്തിൽ
നിന്നും പുറന്തളളപ്പെട്ട് താഴ്‌വാ
രങ്ങളിൽ കഴിയുന്നവരിൽ കാരുണ്യ
ത്തിന്റെ തുഷാരബിന്ദുക്കളായ്
പെയ്തിറങ്ങുവാൻ നമുക്കു സാധി
ക്കട്ടെ.



# ആത്മജ


പ്രൊഫ. ആന്റണി വർഗീസ്
ഇംഗ്ലീഷ് വിഭാഗം
ഓസാനാം സ്കൂൾ, കട്ടപ്പന


**സാ**ന്ദ്ര സിസ്നേറസ് എന്ന ആംഗലേയ സാഹിത്യ കാരി 'Only Daughter' എന്ന തൻെറ ജീവിത കഥയിലൂടെ ഓരോ പെൺകുട്ടിയുടെയും മനോവ്യാപാരത്തെ വരച്ചു വയ്ക്കുകയാണ്. സ്വഭവനത്തിൽ ആറ് ആങ്ങളമാർക്കും അപ്പനുമിടയിൽ സ്വന്തം അനന്യതയ്ക്ക് അതിർത്തി നിശ്ചയിക്കപ്പെടുന്നു എന്ന അനുഭവം അമ്പരപ്പോടെ അറിഞ്ഞ അവൾ ആദ്യം ആശങ്കപ്പെട്ടെങ്കിലും അതിനെ ആട്ടിയകറ്റി ചിന്തകളുടെയും വിചിന്തനങ്ങളുടെയും ലോകത്ത് നിന്ന് തൻെറ തൂലികയിലൂടെ ഏവർക്കും മക ളായും പെങ്ങളായും മാറുന്ന വിസ്മയകാഴ്ച സ്മരണ യിൽ സൂക്ഷിച്ചുകൊണ്ട് ആത്മജയെന്ന (പുത്രി) സത്യത്തി ലേയ്ക്ക് ഒന്നെത്തി നോക്കട്ടെ.

എന്നും ആനന്ദം പകരുന്ന അമൂല്യ നിധിയാണ് പുത്രിയെന്ന യാഥാർത്ഥ്യം അംഗീകരിക്കാതിരിക്കാനാ വില്ല.ആരവും ആഹ്ളാദവുമായവൾ വസതിയിൽ വസന്തം വിതറുന്നു. പാൽ പുഞ്ചിരിയെ പൂനിലാവാ ക്കാൻ കണ്ണീർ മുത്തുകളെ സ്നേഹബാഷ്പങ്ങളാക്കാൻ നിമിഷങ്ങൾ മതിയവൾക്ക്. അടുക്കളയിൽ അമ്മയ്ക്ക് ആശ്രയമായ്... അപ്പനെവിടെയും ആവേശമായ്... ആങ്ങ ളമാർക്കരികിൽ അത്താണിയായ്... മകളായും പെങ്ങ ളായും അവൾ അവതരിക്കുന്നു. അനുജൻമാർക്ക് അമ്മയാകാനും മുതിർന്നവർക്ക് കളിക്കൂട്ടുകാരിയാ കാനും അവൾക്കേ കഴിയൂ. കളങ്കരഹിതമായ കുസൃതി യാലും മനംമയക്കുന്ന വാചാലതയാലും ഒരു ‘വാക്കിടോക്കി’യായി അവൾ നിറയുന്നു.പക്ഷേ എത്ര നാൾ?

കാലചക്രം തിരിയുമ്പോൾ, കാഴ്ചകളും കാഴ്ച പ്പാടുകളും കീഴ്മേൽ മറിയുന്ന കാലക്കേടിൻെറ കാലഘ ട്ടത്തിൽ ചില തിരിച്ചറിവുകൾ തികച്ചും യാദൃശ്ചികം. മക ളായി നിൽക്കേണ്ടവൾ മകനാവാൻ വെമ്പുമ്പോൾ അവിടെ മാറുന്നതെന്താണ്? നാളിതു വരെ നാം തീർത്ത സ്ത്രീ നൈർമ്മല്യത്തിൻെറ ലാളിത്യരൂപമല്ലേ? അബല യായി അനന്തതയിലേയ്ക്ക് അവൾ പ്രയാണം ചെയ്യുമെ ന്നല്ല ഇതിനർത്ഥം മറിച്ച് പ്രബലയായി മുന്നേറാൻ അഹ ന്തയുടെ അദൃശ്യആവരണത്തിൻെറ അനാവശ്യക തയെക്കുറിച്ച് മാത്രമാണ്. അറിവിൻെറ ആദ്യ പടവുകൾ കയറിത്തുടങ്ങുമ്പോൾ തന്നെ ആധിയായി അമ്മമന സ്സിൽ സ്വപുത്രി നിറയുന്നുവെങ്കിൽ അതിൻെറ പൊരു ളെന്ത്?. അപ്പ ൻെറ വിരൽത്തുമ്പിൽ തുമ്പിയെപ്പോലെ ചുവടു വച്ചവൾ കൈവെള്ളയിൽ ടാബും ഫോണുമായി ചങ്ങാത്തം കൂടുമ്പോൾ കൈമോശം വരുന്നതെന്താണ്? ജീവിത താളമോ, അതോ സ്ത്രീ ചൈതന്യമോ? ബാഹ്യ മോടികൾക്ക് പ്രാബല്യമേകി ആന്തരിക അഴകിനെഅവ മതിക്കുന്നവൾ എവിടെയാണ് ആദരവ് അന്വേഷിക്കുക? സഹോദരനുമായി സൗഹൃദം പങ്കിടേണ്ടവൾ സുഹൃദ്‌വലയ ബന്ധിതയായി ബന്ധങ്ങളെ ബന്ധന മായി കാണുമ്പോൾ ശേഷിക്കുന്നതെന്താണ്? ഉത്തരമ ന്വേഷിച്ചലയുന്ന ഇത്തരം ചോദ്യങ്ങൾക്കവസാന ആശ്രയം ഇന്നത്തെ പത്രമാധ്യമങ്ങളാണ്.

അതുകൊണ്ട് വി.പത്രോസ് ശ്ലീഹാ പെൺമക്ക ളോട് പറയുക “ബാഹ്യമോടിയായ പിന്നിയ മുടിയോ, സ്വർണ്ണാഭരണമോ വിശേഷ വസ്ത്രങ്ങളോ അല്ല



നിങ്ങളുടെ അലങ്കാരം പിന്നെയോ, ദൈവസന്നിധിയിൽ വിശിഷ്ടമായ സൗമ്യവും ശാന്തവുമായ ആത്മാവാകുന്ന അനശ്വര രത്നമണിഞ്ഞ ആന്തരിക വ്യക്തിത്വമാണ്" (1 പത്രോ 3:3). യഥാർത്ഥ സ്ത്രൈണ ഗുണങ്ങൾ എന്തിലാണ് അടങ്ങിയിരിക്കുന്നതെന്ന് വി.പത്രോസ് ശ്ലീഹാ ഇവിടെ വ്യക്തമാക്കുന്നു. അതെ മകൾ മകളാകുവാനും അവൾ പെങ്ങളാകുവാനും മാറ്റമുണ്ടാകണം. അറിവ് വിജ്ഞാനമായും, വിദ്യ വിവേകമായും പുനർജനിക്കണം. വികാരം വിവേ കത്തിന് വഴിമാറണം. ഓരോ മകളും അറിയണം അവൾക്കൊപ്പം അപ്പന്റെ,അമ്മയുടെ ആശകളും ആശങ്കകളുമുണ്ടെന്ന്. മറക്കരുത് ഒരു പെങ്ങളും അവരെ കരുതുന്ന സഹോദര കരങ്ങളെ. പഠിക്കണം മകളാകുവാൻ... മനസ്സിലാക്കണം പെങ്ങളെ...

**ഓരോ മകളും അറിയണം അവൾക്കൊപ്പം അപ്പന്റെ,അമ്മയുടെ ആശകളും ആശങ്കകളുമുണ്ടെന്ന്. മറക്കരുത് ഒരു പെങ്ങളും അവരെ കരുതുന്ന സഹോദര കരങ്ങളെ. പഠിക്കണം മകളാകുവാൻ... മനസ്സിലാക്കണം പെങ്ങളെ...**

ആകെ അമ്പരപ്പാണിന്ന് ഉൾക്കൊള്ളാനാവുന്നില്ല പലതും... സംരക്ഷകർ സംഹാരകരായ് മാറുന്ന ഒരു മാനവ സംസ്ക്കാരം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.മാനുഷിക മൂല്യങ്ങൾ സ്വാർത്ഥതയാൽ പിൻതള്ളപ്പെടുമ്പോൾ, പിതാവ് പിശാചാകുന്ന, പാഠം പകരേണ്ടവൻ പീഡകരാകുന്ന, സതീർത്ഥ്യൻ സംഹാരകനാകുന്ന,ചാരെ നിൽക്കേണ്ടവർ ചൂഷകരായി മാറുന്ന, ഭവനം ഭീകരമാകുന്ന അവിശ്വസനീയ വാർത്തകൾ ശ്വാസം മുട്ടിക്കുന്നു.മനസ്സിൽ മകൾ മായുന്നു... പെങ്ങൾ പടിയിറങ്ങുന്നു... പഴിക്കേണ്ടതാരെയാണ്? അറിയില്ല... മുന്നിൽ അവ്യക്തതയുടെ മാറാലകൾ മാത്രം! ചതിയുടെ... വഞ്ചനയുടെ... സ്നേഹരാഹിത്യത്തിന്റെ... സ്വാർത്ഥതയുടെ! കണ്ണികൾ ഏറുകയാണ് ദൈവമേ അവിടുത്തോട് ഒരേയൊരു പ്രാർത്ഥന... 'വെളിച്ചം പകരണമേ!'. മനുഷ്യരോട് ഒരേയൊരു യാചന 'നയനം തുറക്കണമേ'. മറ്റൊന്നിനുമല്ല മകളെ മകളായ് കാണാൻ...! അവളെ പെങ്ങളായ് കാണാൻ...!

സാന്ദ്ര സിസ്നേറസ് തന്റെ ഐഡന്റിറ്റി ക്രൈസിസ് അതിജീവിച്ചത് അന്യരിലേയ്ക്ക് തിരിഞ്ഞല്ല മറിച്ച് അവൾ തന്നിലെ സർഗ്ഗാത്മക കഴിവുകളെ വളർത്തിയെടുത്തുകൊണ്ടായിരുന്നുവെന്ന വസ്തുത വിസ്മരിക്കരുത്.സ്വന്തം അസ്തിത്വം മനസിലാക്കി മകൾ- പെങ്ങൾ എന്ന മൂന്നക്ഷരത്തിന്റെ മാഹാത്മ്യം മുറുകെ പിടിച്ചു മുന്നേറാൻ ഓരോ പെൺകുട്ടിയ്ക്കും കഴിയട്ടെ. സ്വന്തം അനന്യത നഷ്ടമാക്കാനല്ല, നിർമ്മലമായ് നിലനിർത്താനാവണം അവൾ ആദ്യന്തം ആഗ്രഹിക്കേണ്ടതും അദ്ധ്വാനിക്കേണ്ടതും.

കവിത

# കുടുംബജ്യോതിസ്സ്



സി. സിസി മാനുവൽ SCJG

കൂടുമ്പോളിമ്പമായിടും കുടുംബത്തിൻ
ചാരുത ദൈവികപുണ്യങ്ങളാണല്ലോ
ദീപ്തമായ് ദൈവിക പുണ്യം വളരേണം
ആത്മാർത്ഥമായുള്ള സ്നേഹം ജ്വലിക്കണം

മൂല്യങ്ങളഭ്യസിച്ചീടുവാനുള്ളൊരു-
സാധ്യതയാവണം വീടുകളോരോന്നും
നിസ്വാർത്ഥസ്നേഹവും ഹൃദ്യമാംനൽകലും
ആസ്വാദ്യഭാവങ്ങളായിലസിക്കണം

മാതാപിതാക്കൾ തൻ ചെയ്തികളോരോന്നും
കാര്യമായ് നെഞ്ചിൽ കുറിക്കുന്നു കുഞ്ഞുങ്ങൾ
നല്ലതുപാകിയാൽ നന്മവിളഞ്ഞീടും
തിന്മവിതച്ചാലോ വാർത്തിടാം ദ്രോഹിയെ

കിട്ടിടാനൊന്നുമേയില്ലെന്ന ചിന്തയാൽ
നഷ്ടമായ് കാണുന്നു വൃദ്ധജനങ്ങളെ
ഒട്ടൊന്നു ചിന്തിച്ചാൽ കിട്ടിടും സൽബുദ്ധി
ഉള്ളതും ഉള്ളും വരദാനമല്ലയോ?

വീടുകളോരോന്നും സ്വർഗ്ഗമാക്കുവാനായ്
സ്നേഹാഗ്നിനാളങ്ങൾ കത്തിജ്വലിക്കണം
കൈവിട്ടു പോയൊരു മൂല്യങ്ങളൊക്കെയും
കൈവന്നു ചേരുവാൻ നിഷ്ഠയും വയ്ക്കണം.



# ക്വോവാദിസ്





റവ. ഫാ.ജേക്കബ്
കോറോത്ത്

"നീ തല ഉയർത്തി കിഴക്കോട്ടും, പടിഞ്ഞാ റോട്ടും, തെക്കോട്ടും, വടക്കോട്ടും നോക്കുക. നീ കാണുന്ന പ്രദേശമെല്ലാം നിനക്കും നിന്റെ സന്താന പരമ്പരകൾക്കും എന്നേക്കുമായി ഞാൻ തരും." (ഉൽപത്തി 13:14 15) കർത്താവ് ഇത് അബ്രാഹത്തോട് പറയുമ്പോൾ അബ്രാഹം ഒരിഞ്ച് സ്ഥലം പോലും സ്വന്തമായി ഇല്ലാത്തവനും, കുട്ടികൾ ഉണ്ടാവാൻ യാതൊരു സാധ്യതയും ഇല്ലാത്തവനും ആയിരുന്നു. എന്നാൽ അബ്രാഹം പിന്നീട് അനേകം ജനതകളുടെ പിതാവായി മാറി എന്നതും അവന്റെ സന്താനപരമ്പര, അവൻ പരദേശിയായി പാർത്ത ഭൂമി അവകാശമാക്കി എന്നതും ചരിത്രം. "അവൻ കർത്താവിൽ വിശ്വസിച്ചു അത് അവന് നീതിയായി പരിണമിച്ചു." (ഉൽപത്തി 15, 6) എന്ന് അബ്രാഹത്തെ കുറിച്ച് വചനത്തിൽ നമ്മൾ വായിക്കും.

മനുഷ്യന്റെ പ്രതീക്ഷകൾ അസ്തമി ക്കുന്നിടത്താണ് ദൈവം തന്റെ പ്രവർത്തനം ആരംഭിക്കുന്നത്. പ്രതീക്ഷയുടെയും പ്രത്യാശയുടെയും ഉത്സവമാണ് ഈസ്റ്റർ. എല്ലാ പ്രതീക്ഷകളും അസ്തമിച്ച് ചിതറി പോയവരാണ് ശിഷ്യന്മാർ. എമ്മാവൂസിലേക്ക് പോയ ആ രണ്ട് ശിഷ്യന്മാരുടെ വാക്കുകളിൽ ഈ നിരാശ പ്രതിഫലിക്കുന്നുണ്ട്. ഒരു പക്ഷേ, കുരിശിലെ മരണത്തിന്റെ തൊട്ടുമുമ്പ് വരെ, അവൻ എന്തെങ്കിലും ഒരു അത്ഭുതം പ്രവർത്തിച്ച് കുരിശിൽ നിന്ന് ഇറങ്ങി വരുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നിരിക്കാം. എന്നാൽ കല്ലറയിൽ ആ പ്രതീക്ഷയും അസ്തമിച്ചു. കാരണം കല്ലറയ്ക്കും അപ്പുറത്തുള്ള ജീവന്റെ സാധ്യതകളെ കുറിച്ച് അവർക്ക് ബോധ്യം ഉണ്ടായിരുന്നില്ല. പീഡാനുഭവത്തെകുറിച്ചും ഉയിർപ്പിനെകുറിച്ചുമുള്ള അവന്റെ വാക്കുകൾ അവർക്ക് മനസിലായില്ല എന്ന് മത്തായി സുവിശേഷകൻ പ്രത്യേകം എടുത്ത് പറയുന്നുണ്ട്. (മത്തായി 9, 32)

ലണ്ടനിലെ(1601-02) നാഷണൽ ആർട്ട് ഗാലറിയിൽ സൂക്ഷിക്കുന്ന അനിബലെ കറാച്ചി എന്ന ചിത്രകാരൻ വരച്ച മനോഹരമായ ഒരു ചിത്രമാണ് 'ക്വോവാദിസ്'. നീറോചക്രവർത്തിയുടെ മതമർദ്ദനം ഭയന്ന് വി.പത്രോസ് റോമാ നഗരത്തിൽ നിന്ന് ഒളിച്ചോടി നഗരകവാടത്തിലെത്തിയപ്പോൾ കുരിശു ചുമന്നു കൊണ്ടു പോകുന്ന യേശുവിനെ കാണുന്നു. "ഗുരോ അവിടുന്നെങ്ങോട്ടാ?" എന്ന പത്രോസിൻെറ ചോദ്യത്തിന്, "ഞാൻ റോമിലേയ്ക്കു പോവുകയാണ്, വീണ്ടും ക്രൂശിക്കപ്പെടാൻ" എന്നു യേശു മറുപടി നൽകി. ഉടനെ തന്റെ

ഇപ്പോഴത്തെ സഹനം ദൈവഹിത പ്രകാരമാണെന്നു മനസിലാക്കി അദ്ദേഹം തിരികെ റോമിലേക്ക് പോയി കുരിശിനെ പുൽകുകയും ചെയ്തുവെന്നാണ് ഐതി ഹ്യം.

ഉത്ഥിതനായ ക്രിസ്തു ചിതറി പോയവരെ എല്ലാം ഒരുമിച്ച് കൂട്ടുന്നു. എമ്മാവൂസിലേക്ക് പോയവർ ആ രാത്രി തന്നെ തിരികെ പോരുന്നു. മീൻ പിടിക്കാൻ പോയവർ വീണ്ടും വലയും വള്ളവും ഉപേക്ഷിക്കുന്നു. ഇനി അവരുടെ കണ്ണുകളിൽ നൈരാശ്യമില്ല. മരണത്തെ അവർ ഭയക്കുകയും ഇല്ല.

കഴിഞ്ഞ വർഷത്തെ ഇരുപത്തിയഞ്ച് നോമ്പിനു മുന്നോടിയായി ഫ്രാൻസീസ് മാർ പാപ്പ നടത്തിയ ബുധനാഴ്ച പ്രഭാഷ ണത്തിൽ, പ്രതീക്ഷ നഷ്ടപ്പെട്ട ഈ ലോകത്തിന്റെ ഇരുണ്ട അവസ്ഥയെ കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. എന്നാൽ ക്രൈസ്തവർ ഒരിക്കലും പ്രതീക്ഷ നശിച്ചവർ ആയിരിക്കരുത് എന്ന് മാർപ്പാപ്പ പറഞ്ഞു. കാരണം "ദൈവം തന്റെ സ്നേഹത്താൽ നമ്മളോടൊത്ത് യാത്ര ചെയ്യുന്നു. അവൻ നമ്മളെ ഏകരായി വിടു കയില്ല. ക്രിസ്തു തിന്മയെ അതി ജീവിക്കുകയും ജീവന്റെ പാത തുറന്ന് തരികയും ചെയ്തു." തിന്മയുടെയും മരണ ത്തിന്റെയും ആത്യന്തികമായ പരാജയമാണ് ക്രിസ്തു വിന്റെ ഉയിർപ്പ്. മരണ ത്തിന്റെ മേഖലയിലും നിഴലിലും കഴിഞ്ഞിരുന്നവർക്ക് ഒരു പ്രകാശം ഉദിച്ചു എന്നാണ് ഏശയ്യ ക്രിസ്തു വിനെകുറിച്ച് പ്രവചിച്ചത് (ഏശയ്യ 9:1 2) പ്രതീക്ഷ നഷ്ടപ്പെട്ട ജീവി തങ്ങൾക്ക് ക്രിസ്തുവിന്റെ ഉയിർപ്പ് പ്രത്യാശ പകരുന്നു. പ്രതീക്ഷയ്ക്ക് ഒരു വകയും ഇല്ലാതിരിക്കുമ്പോഴും അബ്രാഹത്തെപോലെ നമുക്കും വിശ്വ സിക്കാനും പ്രതീക്ഷിക്കാനും സാധിക്കണം. സഹനത്തിന്റെ ഇരു ണ്ട കാലത്തിനപ്പുറം പ്രകാശ ത്തിന്റെ ഒരു പുലർകാലം നമ്മെ കാത്തിരിക്കുന്നുണ്ടെന്ന ഈസ്റ്റർ

## പ്രതീക്ഷയുടെയും പ്രത്യാശയുടെയും ഉത്സവമാണ് ഈസ്റ്റർ

പുലരി തരുന്ന സന്ദേശം നമുക്ക് സ്വീകരിക്കാം. അനുദിനജീവിതാനു ഭവങ്ങളിലൂടെ വരുന്ന സഹനങ്ങളെ ത്യജിക്കുവാൻ വെമ്പുന്ന ഈ ലോക ത്തോട് ക്രിസ്തുവിൻെറ ചോദ്യം ഇതു തന്നെ. ക്വാവാദിസ് – "നീ എവിടെ പോകുന്നു"?





# മാതാപിതാക്കളും മക്കളും ആരോഗ്യകരവും ആഴവുമായ ബന്ധം




**സി.പ്രീത** CSN
സൈക്കോതെറാപ്പിസ്റ്റ്


**മാ**താപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം ഈ ഭൂമിയിൽ മറ്റ് ഏതൊരു ബന്ധത്തെക്കാളും ആഴമുള്ളതും മറ്റ് ബന്ധങ്ങളിൽ നിന്ന് തീർത്തും വ്യത്യസ്ഥവുമാണ്. ഈ ബന്ധം സമ്മിശ്രസ്വഭാവ പ്രത്യേകതകളുടെ, വികാരങ്ങളുടെ, പ്രതീക്ഷകളുടെ ഒരു സാഗരം തന്നെയാണ്. ദൈവം ദാനമായി സമ്മാനമായി നല്കിയ ഓരോ കുഞ്ഞിനെവളർത്തി വലുതാക്കുമ്പോഴും ഇവരെ കുറിച്ച് മാതാപിതാക്കൾക്കും ഏറെ പ്രതീക്ഷകളും സ്വപ്നങ്ങളുമുണ്ട്. അതുല്യമായ ചില കാര്യങ്ങൾ ഈ ബന്ധത്തിന്റെ മാത്രം പ്രത്യേകതയും ഈ ബന്ധത്തിൽ മാത്രം സംഭവിക്കുന്നതുമാണ്. ആഴമായ പരസ്പരആശ്രയത്വത്തിന്റെയും, സഹായത്തിന്റെയും, ബഹുമാനത്തിന്റെയും തലങ്ങൾ. മാതാപിതാക്കളുടെ ഊഷ്മളമായ സ്നേഹവും പരിചരണവും ശിക്ഷണവും ക്രിയാത്മകമായി തീരുമ്പോൾ അതിന്റെ അന്തരഫലങ്ങൾ അതിരുകൾ അതിജീവിക്കുന്നതാണ്. അമ്മയിൽ നിന്ന് സ്നേഹത്തിന്റെ ആദ്യപാഠങ്ങളും അച്ഛനിൽനിന്ന് ഉത്തരവാദിത്വബോധവും പഠിക്കുന്ന കുട്ടി ജീവിതത്തിൽ അങ്ങോളം നിലനിൽക്കുന്ന ആരോഗ്യകരമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നു.

വൈകാരികവളർച്ചയും ഉയർച്ചയും തളർച്ചയും മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. മാതാപിതാക്കളുടെ സ്വഭാവപ്രത്യേകതകൾ മക്കളേയും, മക്കളുടെ സ്വഭാവവൈകല്യങ്ങൾ മാതാപിതാക്കളെയും പല വിധത്തിൽ ബാധിക്കുന്നു. മാതാപിതാക്കൾ തങ്ങളുടെ സ്വഭാവവൈകല്യങ്ങളെ കാര്യമായി നിയന്ത്രിക്കാൻ ശ്രമിക്കുന്നില്ല എങ്കിൽ കുട്ടികൾ തെറ്റും ശരിയും വേർതിരിക്കാനാകാതെ പക്വമായ രീതിയിൽ അന്ധമായി മാതാപിതാക്കളെ അനുകരിക്കാൻ ശ്രമിക്കുകയും വികലതകളിലേക്ക് വഴുതി വീഴുകയും ചെയ്യുന്നു.

കുട്ടികൾക്ക് തങ്ങളോട് സ്നേഹം ഇല്ല എന്നത് ഇന്നും എന്നും മാതാപിതാക്കളെ വേദനിപ്പിക്കുന്ന

ഒന്നാണ്. വൈകാരിക വിള്ളലുകൾ ഇല്ലാതിരിക്കാൻ ചില കാര്യങ്ങളിൽ അല്പം കൂടി ശ്രദ്ധിച്ചാൽ മാതാപിതാക്കൾക്ക് തന്നെ പരിഹരിക്കാനുതകുന്ന ചില പ്രായോഗികമാർഗ്ഗങ്ങൾ ഉണ്ട്.

**കുട്ടികളുടെ സ്വഭാവവൈകല്യങ്ങളെ തിരുത്തുക.**

ഒരു കാര്യം മാതാപിതാക്കൾ മറക്കരുത്. സ്വഭാവവൈകല്യവും കുട്ടിയും രണ്ടു കാര്യങ്ങളാണ് എന്നത് മാതാപിതാക്കൾ മറക്കരുത്. സ്വഭാവവൈകല്യമുള്ള കുട്ടികളെ തിരുത്തുക, നല്ലരീതിയിൽ പരിശീലിപ്പിക്കുക, കുട്ടിയെ പൂർണ്ണമായും മനസ്സിലാക്കാൻ ശ്രമിക്കുക, കുട്ടികളുടെ ചില പ്രവൃത്തികളോട് 'ച്ഛീ' പറയുന്നതോടൊപ്പം തന്നെ മുൻ വിധികളൊന്നും ഇല്ലാതെ നിങ്ങളുടെ കുട്ടിയെ നിരുപാധികം സ്നേഹിക്കുന്ന മാതാപിതാക്കളാകുക.

**മക്കളോടൊപ്പം കൂടുതൽ സമയം ചിലവഴിക്കുക**

ഇന്ന് പല മാതാപിതാക്കളുടേയും ദു:ഖം കുട്ടികൾ തങ്ങളുടെ കടമകൾ കൃത്യമായി നിർവ്വഹിക്കുന്നില്ല, ഉത്തരവാദിത്വബോധത്തിൽ വളരുന്നില്ല എന്നതാണ്. മക്കളോടൊപ്പം മാതാപിതാക്കൾ സമയം ചിലവഴിക്കുമ്പോൾ തങ്ങൾ വിലപ്പെട്ടവരും സ്നേഹിക്കപ്പെട്ടവരുമാണ് എന്ന അവബോധത്തിൽ കുട്ടി ആഴപ്പെടുന്നു. ഇതോടൊപ്പം തന്നെ മാതാപിതാക്കളിലെ ഉത്തരവാദിത്വബോധം കണ്ടുപഠിക്കാൻ ആരംഭിക്കുന്നു.

**അമിതശിക്ഷണം ഒഴിവാക്കുക**

നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമ്പോഴും ശിക്ഷണം നല്കുമ്പോഴും വൈകാരിക നിയന്ത്രണം വിട്ടുപോകാത്ത രീതിയിൽ ക്രമീകരിക്കുക. ചില മാതാപിതാക്കൾ ആവശ്യത്തിനും അസ്ഥാനത്തും ഏറെ നിബന്ധനകൾ വയ്ക്കുന്നു. ഇത് ഉപകാരത്തേക്കാൾ ഉപദ്രവത്തിലേക്ക് നയിക്കുകയും തെറ്റായ ബോധ്യങ്ങളിലേക്ക് നീങ്ങാൻ ഇടയാകുകയും ചെയ്യുന്നു. ഭയപ്പെടുന്ന കുട്ടി സത്യം തുറന്നു പറയണമെന്നില്ല. ശാരീരിക ഉപദ്രവം കഴിവതും ഒഴിവാക്കുക.

**ജീവിതമാതൃകയിലൂടെ ഉപദേശിക്കുക**

ശരിയും തെറ്റും തിരിച്ചറിയാതെ തന്നെ മാതാപിതാക്കളെ അന്ധമായി അനുസരിക്കുന്ന, അവരെ മാതൃകയാക്കി അനുകരിക്കുന്ന കുട്ടികൾ മാതാപിതാക്കളുടെ നല്ല പെരുമാറ്റം വഴി ജീവിതമൂല്യങ്ങൾ തങ്ങളുടെ ജീവിതത്തിൽ പകർത്താൻ ശ്രമിക്കും. ആരോഗ്യകരമായ നിർദ്ദേശങ്ങളും ശിക്ഷണങ്ങളും മാതാപിതാക്കളിൽ നിന്ന് നിരസിക്കപ്പെടുന്ന കുട്ടികൾ കൂട്ടുകാരിൽ നിന്നും മാധ്യമങ്ങളിൽ നിന്നും അറിവു ലഭിക്കാൻ ആരംഭിക്കുമ്പോൾ അത് സ്വാഭാവിക വികലതയിലേക്ക് വലിച്ചിഴയ്ക്കും.



**പ്രാർത്ഥിക്കാൻ പഠിപ്പിക്കുക**

ദൈവത്തിൽ ആശ്രയിക്കാതെ ദൈവത്തെ കൂടാതെ ജീവിതത്തിൽ ശാശ്വതമായത് നേടാൻ കഴിയില്ല എന്ന ബോധ്യം മാതാപിതാക്കളുടെ ജീവിതത്തിലൂടെയാണ് മക്കൾ മനസ്സിലാക്കേണ്ടത്. കുട്ടികൾ പ്രായത്തിൽ വളരുന്നതിനോടൊപ്പം തന്നെ പക്വതപ്രാപിച്ച് വിശ്വാസത്തിൽ ആഴപ്പെടണം. മാതാപിതാക്കൾ ദൈവത്തിന് മുൻഗണന നല്കുന്നവരാകണം.

ആദ്യകാല പരിശീലനം മാതാപിതാക്കൾ എപ്രകാരം നല്കുന്നുവോ അതനുസരിച്ചാണ് ഓരോ കുട്ടിയും തന്നോട് തന്നെയും, ദൈവത്തോടും സഹോദരങ്ങളോടും സ്നേഹൈക്യത്തിൽ വളരുക. ആഗ്രഹിച്ചും പ്രാർത്ഥിച്ചും ലഭിക്കുന്ന കുട്ടിയെ സ്നേഹിക്കുന്നതും പരിഗണിക്കുന്നതും പോലെ തന്നെ അപ്രതീക്ഷിതമായ സാഹചര്യങ്ങളിൽ ജനിക്കുന്ന കുട്ടിയോടുള്ള സമീപനവും അവരുടെ ക്രിയാത്മകവശത്തെ വളർത്തുന്ന തരത്തിൽ ആയിരിക്കണം. മാതാപിതാക്കളും ആദ്യകാല ശുശ്രൂഷ നല്കുന്നവരുമാണ് ഒരു ജീവിതകാലം മുഴുവൻ നീണ്ടു നില്ക്കുന്ന സ്വഭാവപ്രത്യേകതകൾ ഒരു കുട്ടിയിൽ രൂപപ്പെടുന്നതിൽ പ്രത്യേക പങ്കുവഹിക്കുന്നവർ.

മക്കളിൽ നിന്ന് നന്മ വന്നാൽ അത് അപ്പന്റെ കഴിവും വഴി തെറ്റിപ്പോയാൽ അത് അമ്മയുടെ കഴിവുകേടും എന്ന് പറഞ്ഞ് പരസ്പരം പഴിചാരാതെ മാതാപിതാക്കൾ തങ്ങളുടെ തുല്യ ഉത്തരവാദിത്വത്തെ കുറിച്ച് പൂർണ്ണ അവബോധം ഉള്ളവരാകുക.



കഥ

# കാരുണ്യം തളിരിടുമ്പോൾ...



ബ്ര.ആൽബർട്ട് തറപ്പേൽ C.Ss.R

മക്കളുമൊരുമിച്ച് ശാന്തമായി ഒഴുകുന്ന പുഴയിലേയ്ക്ക് നോക്കിയിരുന്നപ്പോൾ മനുവിൻെറ മിഴികൾ സജലങ്ങളായി. കണ്ണീരുറവകൾ നീർച്ചാലുകളായ് ഒഴുകിയിരുന്നത് അവൻ ഓർമ്മിച്ചു. എന്തൊക്കെ അനുഭവങ്ങൾ! ഇന്നലകളും ഇന്നും തമ്മിൽ എന്തൊരന്തരം. എല്ലാറ്റിനെയും വെൺമയുള്ളതാക്കി ഒഴുകുന്ന പുഴപോലെ കാലം തെളിമയുള്ളതാക്കിയ തൻെറ ജീവിതത്തിൻെറ നേർചിത്രം അവൻെറ മനോമുകുരത്തിൽ തെളിഞ്ഞു.

കൊടുംപട്ടിണിയുടെ ദിനങ്ങളിൽ ഞാൻ മനസിലാക്കിയ യാഥാർത്ഥ്യമായിരുന്നു ദാരിദ്ര്യ ത്തിൽ നിന്നും കരകയറുവാനായി വിദൂരമായ ഈ മലഞ്ചെരുവിൽ ഒരു തുണ്ടു ഭൂമി എൻെറ അപ്പൻ സ്വന്തമാക്കിയെന്ന സത്യം. മക്കളിൽ മൂന്നാമനായ ഞാൻ ഇളയ സന്താനമായതിൻെറ യാതൊരു ആനുകൂല്യവും അനുഭവിച്ചവനായിരുന്നില്ല. പട്ടിണിയുടെയും ഇല്ലായ്മയുടെയും തീച്ചൂളയിൽ എനിക്കു ആശ്വസിക്കുവാൻ യാതൊന്നും ഉണ്ടായിരുന്നില്ല.പശുവിൻ പാൽ എന്നും കടയിൽ കൊണ്ടുപോയി കൊടുത്തിരുന്നപ്പോൾ പാൽചായ കുടിക്കാൻ ഏറെ കൊതിച്ചിരുന്നു.പാൽ പാത്രം കഴുകിയ വെള്ളം തിളപ്പിച്ച് അമ്മ ചായ എനിക്ക് നൽകിയപ്പോൾ അമ്മയുടെ മനോവേദനയും ഒപ്പം ദാരിദ്ര്യത്തിൻെറ ആഴവും എനിക്ക് മനസിലായി.പറമ്പിൽ വിളയുന്ന വാഴക്കുലയിലേയ്ക്ക് കൊതിയോടെ നോക്കിയിരുന്ന എനിക്ക് ഒരു വാഴപ്പഴം പോലും എന്നും കിട്ടാക്കനിയായിരുന്നു. ഒരു വാഴപ്പഴം തിന്നാനുള്ള എൻെറ കൊതി മനസിലാക്കുവാൻ കഴിയാതെ ചാരായം വാങ്ങുവാനായി വാഴക്കുലയുമായി നടന്നകലുന്ന അപ്പനെ കാണുമ്പോൾ അനുഭവിച്ച നെഞ്ചിലെ വേദന കണ്ണീർ കണങ്ങളായ് പെയ്തിറങ്ങിയിരുന്നു.

പേരയ്ക്കയും നെല്ലിയ്ക്കയും ഉച്ചഭക്ഷണമായിത്തീർന്ന എൻെറ ചോറ്റുപാത്രം കൂട്ടുകാരെ കാണിക്കാതെ മറച്ചു പിടിച്ച് അവ കഴിച്ചപ്പോൾ എൻെറ ഹൃദയം ഏറെ വിങ്ങിയിരുന്നു. ഒരു ദിവസമെങ്കിലും ഇറച്ചികൂട്ടി ചോറുണ്ണുകയെന്നത് എവറസ്ററ് കീഴടക്കുക എന്നതിലും വലിയ ആഗ്രഹമായിരുന്നു. കുടുംബത്തെ പട്ടിണിയിൽ നിന്നും കരകയറ്റാൻ പതിനാലാം വയസ്സിൽ കൂലിപ്പണിയ്ക്കിറങ്ങിയതോടെ വിദ്ധ്യാഭ്യാസമെന്ന മോഹവും പൊലിഞ്ഞു.ദാരിദ്ര്യത്തിൻെറ കരാളഹസ്തങ്ങളിൽ ഞെരിഞ്ഞമരവേ പണം ഒരു മരീചികയായ് അനുഭവപ്പെട്ടു.

രാത്രികാലങ്ങളിൽ അയൽപക്കത്തെ മുതലാളിയുടെ നെൽപാടങ്ങളെ സംരക്ഷിക്കുവാൻ കാവലിരിക്കുമ്പോൾ നിലാവെട്ടത്തിൽ നെൽപാടങ്ങൾ എന്നെയേറെ കൊതിപ്പിച്ചിരുന്നു.എൻെറ കാവൽ കൂലി പോലും അപ്പൻ വാങ്ങി ചാരായം കുടിച്ചു തീർത്തപ്പോൾ ഈ യാതനകൾക്കൊന്നും ഒരു അന്ത്യമില്ലേ? എന്നൊരു ചോദ്യം മനസിലുയർന്നു.കാലങ്ങൾ എത്ര പെട്ടെന്നാണ് കടന്നു പോയത്.സഹോദരങ്ങൾ അവരുടെ വഴി കണ്ടെത്തി വീട്ടിൽ നിന്ന് മാറിയപ്പോൾ ഉള്ളിൽ ഒരു ചെറിയ വേദന. ഇതിനകം രോഗപീഡകളുടെ പിടിയിലായ് കഴിഞ്ഞ അപ്പനേയും അമ്മയേയും നോക്കുകയെന്നതു ഒരു ഭാരമായില്ല.ഇവരുടെ അനുഗ്രഹമാണ് പലതും നേടിയെടുക്കുവാൻ ഊർജ്ജം നൽകിയത്.ഉത്തമയായ ഭാര്യയും മക്കളും ജീവിതത്തിന് ബലമേകിയപ്പോൾ ദൈവകരുണ അനുഭവിച്ചറിഞ്ഞു.ഈ കരുണയാണ് തൊട്ടതെല്ലാം പൊന്നാക്കി മാറ്റിയതെന്നു ഞാൻ അറിയുന്നു.

കഠിനാദ്ധ്വാനത്താൽ കഷ്ടപ്പാടുകൾക്ക് അറുതി വന്നു. ഒരു നല്ല വീട് എന്ന സ്വപ്നം പൂവണിഞ്ഞു. വീടിൻെറ പോർച്ചിൽ ഒരു കാറും സ്ഥാനം പിടിച്ചു.എങ്കിലും കണ്ണീരുപ്പ് ചേർത്ത് വിതച്ചതിനെല്ലാം നൂറുമേനി വിളവ് തന്ന് ദൈവം കരുണ കാണിച്ചപ്പോൾ എൻെറ കണ്ണ് ചുറ്റുവട്ടങ്ങളിലുള്ള ദരിദ്ര്യരിലേയ്ക്കു തിരിഞ്ഞു. ലോക്കറിലെ ആഭരണങ്ങളുടെ പൊലിമയോ വലിയ ബാങ്ക് ബാലൻസോ അല്ല ജീവിതം സൗഭാഗ്യകരമാക്കുന്നതെന്ന തിരിച്ചറിവ് എൻെറ കണ്ണുകളെ ഈറ നണിയിച്ചു. പുഴയിലെ ഓളങ്ങൾ കടന്നു പോകും പോലെ എല്ലാ അനുഭവങ്ങളും പോയ് മറഞ്ഞു. ആർദ്രമായ മനസ്സ് ദൈവത്തിൻെറ പക്കലേയ്ക്കുയർത്തി മനുവിൻെറ ഹൃദയം മന്ത്രിച്ചു. ദൈവമേ എല്ലാം നിൻെറ കരുണ...



# വൃക്കരോഗങ്ങൾ
## കാരണങ്ങൾ, പ്രതിവിധികൾ


**മിസിസ്സ്. ഗ്രീറ്റാമ്മ ലൂക്കോസ്**
ഡയാലിസിസ് വിഭാഗം
സെന്റ്.ജോൺസ് ഹോസ്പിറ്റൽ,കട്ടപ്പന



നമ്മുടെ ആരോഗ്യം പരിപാലിക്കുവാനായി നിരവധി അത്യന്താപേക്ഷിത ദൗത്യങ്ങൾ ചെയ്യുന്ന അതിസങ്കീർണ്ണവും വിസ്മയകരവുമായ അവയവങ്ങളാണ് വൃക്കകൾ. വൃക്കരോഗം ഒരു നിശബ്ദകൊലയാളിയാണ്. അതുകൊണ്ട് തന്നെ വൃക്കകളെ പരിപാലിക്കേണ്ടത് അത്യാവശ്യവുമാണ്.

എല്ലാ വർഷവും മാർച്ച് മാസത്തിലെ രണ്ടാമത്തെ വ്യാഴാഴ്ച ലോകവൃക്കദിനമായി ആചരിക്കുന്നു. നമ്മുടെ വൃക്കകളെക്കുറിച്ചും അവയുടെ പ്രധാനധർമ്മങ്ങളെക്കുറിച്ചും അറിഞ്ഞിരുന്നാൽ അവയെ പരിപാലിക്കേണ്ടത് എങ്ങനെയാണെന്ന് മനസ്സിലാക്കാൻ എളുപ്പമായിരിക്കും.

**വൃക്കകളും അവയുടെ ധർമ്മങ്ങളും**

രക്തത്തെ ശുദ്ധീകരിച്ച് മാലിന്യങ്ങളെ മൂത്രരൂപത്തിൽ പുറത്തുവിടുന്ന അവയവങ്ങളാണ് വൃക്കകൾ. ഒരു ജോഡി വൃക്കകളാണ് മനുഷ്യനിൽ കാണപ്പെടുന്നത്. ഉദരാശയത്തിനുള്ളിൽ നട്ടെല്ലിന്റെ ഇരുവശങ്ങളിലുമായി വൃക്കകൾ സ്ഥിതി ചെയ്യുന്നു. പയർ മണിയുടെ ആകൃതിയിലുള്ള വൃക്കകൾക്ക് ഏകദേശം 120 ഗ്രാം മുതൽ 170 ഗ്രാം വരെ ഭാരമുണ്ട്. ഹൃദയത്തിൽ നിന്ന് ഉന്നതമർദ്ദത്തിലുള്ള രക്തം വൃക്കധമനികൾ വഴി വൃക്കയിൽ എത്തുകയും വൃക്കാസിരവഴി തിരികെ പോകുകയും ചെയ്യുന്നു.

ഇങ്ങനെമുഴുവൻ സമയവും വിശ്രമമില്ലാതെ രക്തശുദ്ധീകരണപ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന വൃക്കയ്ക്ക് ശരീരത്തിലെ ജലത്തിന്റെയും ഉപ്പിന്റെയും സന്തുലിതാവസ്ഥ നിലനിർത്തുന്നതോടൊപ്പം രക്തസമ്മർദ്ദനിയന്ത്രണം, ഹോർമോൺ ഉല്പാദനം, ചുവന്ന രക്താണുക്കളുടെ ഉല്പാദനക്രമീകരണം, അസ്ഥികളുടെ രൂപീകരണത്തിനാവശ്യമായ ജീവകം-ഡി, ശരീരത്തിനാവശ്യമായ ഘടകങ്ങളായ സോഡിയം,പൊട്ടാസ്യം,കാൽസ്യം,മഗ്നീഷ്യം, ജലം, ഗ്ലൂക്കോസ് എന്നിവ ആഗിരണം ചെയ്യുകയും, ശരീരത്തിന് ആവശ്യമില്ലാത്ത ദോഷകരമായ മറ്റു പദാർത്ഥങ്ങൾ യൂറിയ, ക്രിയാറ്റിൻ, ആവശ്യത്തിലധികമായ ചില മരുന്നുകൾ, ലവണങ്ങൾ, വിറ്റാമിനുകൾ എന്നിവയെല്ലാം രക്തത്തിൽ നിന്ന് അരിച്ച് പുറംതള്ളുന്നത് വൃക്കയുടെ പ്രധാനധർമ്മങ്ങളാണ്.




വൃക്കകളിലെ ഒരു ദശലക്ഷത്തിലേറെയുള്ള സൂക്ഷ്മമായ അരിപ്പകൾ (നെഫ്രോണുകൾ) ആണ് ഈ ധർമ്മം നിർവ്വഹിക്കുന്നത്. ഏകദേശം 180 ലിറ്റർ ദ്രാവകം രണ്ട് വൃക്കകളും ചേർന്ന് അരിച്ചെടുക്കുന്നു. ഈ ദ്രാവകത്തെ ഗ്ലോമറുലാർഫിൽട്രേറ്റ് എന്നു പറയുന്നു. ഇത് വൃക്കകളിൽ കൂടി ഒഴുകുമ്പോൾ കൂടുതൽ ഭാഗവും പുനരാഗീകരണം ചെയ്യപ്പെടുകയും ശേഷിച്ച ഭാഗം മൂത്രമായി രൂപപ്പെടുകയും ചെയ്യുന്നു. ഇത് മൂത്രാശയത്തിൽ ശേഖരിക്കപ്പെടുകയും മൂത്രശങ്ക ഉണ്ടാകുന്നതനുസരിച്ച് മൂത്രനാളി വഴി പുറംതള്ളപ്പെടുകയും ചെയ്യുന്നു. ഒരു ദിവസം ശരാശരി 1.5 ലിറ്റർ മൂത്രം വിസർജ്ജിക്കപ്പെടുന്നു.

**പ്രധാനവൃക്കരോഗങ്ങളും കാരണങ്ങളും**

ഇന്ന് പലതരത്തിലുള്ള വൃക്കരോഗങ്ങൾ കാണപ്പെടുന്നുണ്ട്. അവയിൽ പലതും താൽക്കാലികമായ വൃക്കസ്തംഭനത്തിലേയ്ക്കും, സ്ഥായിയായ വൃക്കസ്തംഭനത്തിലേയ്ക്കും നയിക്കുന്നുണ്ട്. അണുബാധമൂലമുണ്ടാകുന്ന രോഗങ്ങൾ (Pynonephritis) പ്രതിരോധതകരാറു മൂലമുള്ള രോഗങ്ങൾ വൃക്കകളിലോ അതിനോടനുബന്ധിച്ചുള്ള ഭാഗങ്ങളിലോ ഉണ്ടാകാവുന്ന വൈകല്യങ്ങൾ, വൃക്കകളിൽ കൂടി ധാരാളമായി പ്രോട്ടീൻ നഷ്ടപ്പെടുന്ന രോഗങ്ങൾ (Nephrotic Syndrome), മരുന്നുകളുടെ പാർശ്വഫലങ്ങൾ (വേദനാസംഹാരികൾ, ആന്റിബയോട്ടിയ്ക്കുകൾ), നിർജലീകരണം, പൊള്ളലിന്റെയും മറ്റു പാർശ്വഫലങ്ങളായി ഉണ്ടാകാവുന്ന വൃക്കസ്തംഭനം, മൂത്രാശയരോഗങ്ങൾ, വൃക്കകളിലും അനുബന്ധഭാഗങ്ങളിലുമുണ്ടാകുന്ന കല്ലുകൾ, മാരകമായ ക്യാൻസർ രോഗങ്ങൾ ഇവയെല്ലാം വൃക്കസ്തംഭനത്തിലേക്ക് നയിക്കാം.

ഇന്ന് കൂടുതലായും വൃക്കസ്തംഭനത്തിലേയ്ക്ക് നയിക്കുന്ന രണ്ടു പ്രധാനകാരണങ്ങളാണ് പ്രമേഹവും ഉയർന്ന രക്തസമ്മർദ്ദവും. ഈ രണ്ട് രോഗങ്ങളുമുള്ള വ്യക്തികളിൽ വൃക്കകളിലേയ്ക്കുള്ള രക്തസഞ്ചാരം കുറയുകയും ക്രമേണ സ്ഥായിയായ വൃക്കസ്തംഭനത്തിലേയ്ക്ക് പോകുകയും ചെയ്യുന്നു. ആരോഗ്യമുള്ള വൃക്ക സാധാരണമായി ഒരു മിനിട്ടിൽ 125 മില്ലിലിറ്റർ രക്തം അരിയ്ക്കുന്നു. ഇങ്ങനെമിനിട്ടിൽ വൃക്കകൾ എത്രമാത്രം രക്തം അരിയ്ക്കുന്നുവെന്നതിനെഅടിസ്ഥാനമാക്കിയാണ് വൃക്കസ്തംഭനത്തിന്റെ തീവ്രത നിർണ്ണയിക്കുന്നത്.

വൃക്കകൾക്കുണ്ടാകുന്ന നേരിയ കേടുപാടുകൾ പോലും ഈ അളവിനെബാധിച്ചേക്കാം. ഈ അളവിനെഅടിസ്ഥാനമാക്കി വൃക്കസ്തംഭനത്തെ അഞ്ചു ഘട്ടങ്ങളായി തിരിക്കാം.

ഘട്ടം-1 ൽ ഒരു മിനിട്ടിൽ അരിക്കപ്പെടുന്ന ഗ്ലോമറുലാർഫിൽട്രേറ്റിന്റെ അളവ് 90-125 നു ഇടയിൽ ആകുന്ന അവസ്ഥ. ഘട്ടം-2 ൽ 60-90 നു ഇടയിൽ ആകുന്ന അവസ്ഥ. ഘട്ടം-3 ൽ 30-50 നു ഇടയിൽ ആകുന്ന അവസ്ഥ. ഘട്ടം-4 ൽ 15-29 നു ഇടയിൽ ആകുന്ന അവസ്ഥ. ഘട്ടം-5 ൽ 15 ൽ താഴെയായോ പൂർണ്ണമായോ കുറഞ്ഞു പോകുന്ന അവസ്ഥ. ഒരാൾ വൃക്കരോഗത്തിന്റെ അഞ്ചാം ഘട്ടത്തിൽ എത്തുമ്പോൾ ഡോക്ടർ ഡയാലിസിസ് നിർദ്ദേശിക്കും. ഇങ്ങനെഡയാലിസിസിന് നിർദ്ദേശിക്കുന്ന സന്ദർഭത്തിൽ അത്യാവശ്യമായി 'ഫിസ്റ്റുല' എന്ന ചെറിയ ശസ്ത്രക്രിയ ഇടതുകൈയ്യിൽ ചെയ്യുന്നതാണ്. അതിനാൽ ഡയാലിസിസ് അത്യാവശ്യമായി ചെയ്യേണ്ടഅവസരത്തിൽ കത്തീറ്റർ ഇടുന്നത് ഒഴിവാക്കാം.

തുടരും....



# ഉപകാരസ്മരണ

ഞങ്ങളുടെ മകൾ ജെസ്ന ജോർജ്ജിന് I.C.W.A Foundation പരീക്ഷയിൽ വല്യച്ചന്റെ മാദ്ധ്യസ്ഥ്യതയിൽ വിജയം ലഭിച്ചതിന് ഈശോയ്ക്ക് ഒരായിരം നന്ദി

ജോളി ജോർജ്ജ്, ചെറ്റയിൽ
കൽത്തൊട്ടി പി.ഒ

---

വല്യച്ചന്റെ മാദ്ധ്യസ്ഥ്യം യാചിച്ചു കൊണ്ട് കുഴൽ കിണർ കുഴിക്കുകയും കിണറ്റിൽ ജലം ലഭിക്കുകയും ചെയ്തു. വല്യച്ചൻ വഴി ലഭിച്ച ഈ അനുഗ്രഹത്തിന് ഈശോയ്ക്ക് നന്ദി.

സജിനി, തയ്യിൽ
വള്ളക്കടവ്

---

എനിക്ക് ഒരു വീടിനും സ്ഥിരമായ ജോലിയ്ക്കും വേണ്ടി വല്യച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി ഒരു വീടും ജോലിയും ലഭിച്ചു. ഈശോയുടെ പക്കൽ എനിക്കായ് മാദ്ധ്യസ്ഥ്യം വഹിച്ചതിന് വല്യച്ചന് ഒരായിരം നന്ദി.

ഷേർളി ജോസഫ്, അത്തിക്കൽ
ഇരട്ടയാർ

---

എന്റെ ചാച്ചന്റെ ഹൃദയത്തിലെ ബ്ലോക്കുകൾ വല്യച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി ഒത്തിരി കുറയുകയും ഇപ്പോൾ ശ്വാസതടസം ഒട്ടുമില്ല. വല്യച്ചൻ വഴി ലഭിച്ച ഈ അനുഗ്രഹത്തിന് ഈശോയ്ക്ക് നന്ദി.

ജാൻസി ബിജു,
കട്ടപ്പന

---



2015–2016 സെന്റ്. തോമസ് കോളേജ്
ഓഫ് അലൈഡ് ഹെൽത്ത് സയൻസിൽ നിന്നും
ഡയാലിസിസ് ടെക്നീഷ്യൻ കോഴ്സിൽ
മികച്ച വിദ്യാർത്ഥിക്കുള്ള അവാർഡ് കരസ്ഥമാക്കിയ
**സി. ലിനറ്റിന്** സെന്റ്. ജോൺ ഓഫ് ഗോഡ്
സന്യാസിനി സമൂഹത്തിന്റെ
**അഭിനന്ദനങ്ങൾ...**

# ചിത്രകഥ: ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ്




തുടരും...


ദൈവത്തിന്റെ വി.യോഹന്നാൻ
16-ാം നൂറ്റാണ്ടിന്റെ വിശുദ്ധൻ......
രോഗികളുടെയും രോഗീശുശ്രൂഷകരുടെയും മദ്ധ്യസ്ഥൻ......
ഹോസ്പിറ്റലർ ബ്രദേഴ്സിന്റെ സ്ഥാപകൻ........
സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ്
സഭയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ........
4 വിശുദ്ധർ, 100 വാഴ്ത്തപ്പെട്ടവർ, നിരവധി ധന്യരേയും ദൈവദാസരേയും തിരുസഭയ്ക്കു നൽകി ആതുരശുശ്രൂഷ രംഗത്ത് ഒരു നവവിപ്ളവത്തിനു തുടക്കം കുറിച്ച സെന്റ് ജോണ് ഓഫ് ഗോഡ് സന്യാസസമൂഹത്തിലേയ്ക്ക്, ദൈവവജനസേവനത്തിനായി ഈശോ നിങ്ങളെയും വിളിക്കുന്നു.
ബ്രദേഴ്സ് ഓഫ്
സെന്റ് ജോൺ ഓഫ് ഗോഡ്
9947608344
സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ്
സെന്റ് ജോൺ ഓഫ് ഗോഡ്
9961107153
Printed and Published by Sr.Vimala George SCJG, on behalf of Sisters of Charity of God
and Printed at Sterling Print House(P) Ltd,Door No:49/1849,Ponekkara P.O.,Cochin-682 041.